05
2024
ജൂൺ
ബുധൻ
ഇടവം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.198 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-198 | പേജ് 4. വില 2.00 രൂപ




02 ഹയർസെക്കൻഡറി വിഭാഗം പ്രവേശനം ഇന്നുമുതൽ

03 വമ്പൻ വിജയവുമായി രാഹുലും ഹൈബിയും, വിയർത്തുനേടി അടൂർ പ്രകാശ്

04 യുപിയിലും മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും തിളങ്ങി ഇന്ത്യാ മുന്നണി

# തിളങ്ങി ഇന്ത്യ സഖ്യം; മോഡിക്ക് മൂന്നാംമൂഴം



ബിജെപി സർക്കാർ രൂപീകരണവുമായി മുന്നോട്ടു പോകുകയാണ്. ഈ ആഴ്ച തന്നെ മന്ത്രി സഭ ഉണ്ടാകും. ഇന്ന് രാഷ്ട്രപതിയെ കാണുവാൻ ബിജെപി സഖ്യം പോയതിനുശേഷമാണ് തീയതി തീരുമാനിക്കുക.

400 സീറ്റ് എന്ന സ്വപ്ന ലക്ഷ്യവുമയാണ് ബിജെപി തിരഞ്ഞെടുപ്പിന് ഇറങ്ങിയത്. 'മോഡിയുടെ ഗ്യാരന്റി' എന്ന ക്യാമ്പയിൻ പച്ചക്കുവർഗീയത പറയുന്നതിലേക്ക് മാറുന്നതും രാജ്യം കണ്ടു.. എന്നിട്ടും സ്വപ്ന നേട്ടത്തിലേക്ക് എത്താൻ ബിജെപിക്ക് ആയില്ല..

അതേസമയം, മോദി പ്രഭാവം എന്നൊന്നില്ല ഇന്നും ഇന്ത്യ വിധി എഴുതി. ഉത്തർ പ്രദേശിൽ ബിജെപിക്ക് തിരിച്ചടി നേരിട്ടേക്കുമെന്ന വിലയിരുത്തലാണ് നേരത്തെ ഉണ്ടായിരുന്നത്. എന്നാൽ എക്സിറ്റ് പോൾ പ്രവചനങ്ങളിൽ അത് പ്രകടമായിരുന്നില്ല. എന്നാൽ അതിനെ അട്ടിമറിക്കുന്ന ഫലപ്രഖ്യാപനമാണ് ഉത്തർപ്രദേശിൽ നിന്നുണ്ടായത്. സംസ്ഥാനം ബി.ജെ.പി.യെ കൈവിട്ടിരിക്കുന്നു.

എക്സിറ്റ് പോൾ പ്രവചനങ്ങൾ അപ്രസക്തമാക്കിക്കൊണ്ട് മറ്റൊരു ലോക്സഭാതിരഞ്ഞെടുപ്പ് ഫലംകൂടി പുറത്തുവന്നിരിക്കുകയാണ്. ബി.ജെ.പി.യുടെ നേതൃത്വത്തിൽ എൻ.ഡി.എ. മുന്നണി 350 മുതൽ 401 വരെ സീറ്റുകൾ നേടി അധികാരത്തിൽ തുടരുമെന്ന് പ്രവചിച്ചുകൊണ്ടായിരുന്നു എക്സിറ്റ് പോളുകൾ പുറത്തുവന്നിരുന്നത്. ഇന്ത്യ സഖ്യം നേട്ടമുണ്ടാക്കുമെന്ന തരത്തിലുള്ള സൂചനകളൊന്നും എക്സിറ്റ് പോൾ ഫലങ്ങളിലുണ്ടായിരുന്നില്ല. എന്നാൽ ആ പ്രവചനത്തെ തള്ളിക്കളഞ്ഞുകൊണ്ട് ഇന്ത്യ സഖ്യം സീറ്റുകൾ നേടി. എൻ.ഡി.എ.ക്ക് പ്രവചിച്ചത്ര നേട്ടമുണ്ടാക്കാനുമായില്ല.

ഉത്തർ പ്രദേശിൽ ബിജെപിക്ക് തിരിച്ചടി നേരിട്ടേക്കുമെന്ന വിലയിരുത്തലാണ് നേരത്തെ ഉണ്ടായിരുന്നത്. എന്നാൽ എക്സിറ്റ് പോൾ പ്രവചനങ്ങളിൽ അത് പ്രകടമായിരുന്നില്ല. എന്നാൽ അതിനെ അട്ടിമറിക്കുന്ന ഫലപ്രഖ്യാപനമാണ് ഉത്തർപ്രദേശിൽ നിന്നുണ്ടായത്. സംസ്ഥാനത്ത് വൻ നേട്ടമുണ്ടാക്കാൻ ബിജെപിക്ക് കഴിഞ്ഞില്ല.

കേരളത്തിൽ ബി.ജെ.പി. അക്കൗണ്ട് തുറന്നേക്കുമെന്നും മൂന്ന് സീറ്റുവരെ നേടുമെന്നും പ്രവചിച്ച കേരളത്തിലെ എക്സിറ്റ് പോൾ പ്രവചനം ഏറെക്കുറെ ശരിയായെങ്കിലും എൽ.ഡി.എഫ്. കഴിഞ്ഞ കഴിഞ്ഞതവണത്തെ നിലമെച്ചപ്പെടുത്തുമെന്ന പ്രവചനം അപ്പാടെ പൊളിഞ്ഞുപോയി. യുഡിഎഫ് മുന്നേറ്റം പ്രവചിച്ചത് ശരിയാവുകയും ചെയ്തു. ഉച്ചവരെയുള്ള ഫലപ്രഖ്യാപനം അനുസരിച്ച് ബി.ജെ.പി.1 സീറ്റ്, യു.ഡി.എഫ്. 18, എൽ.ഡി.എഫ്.1 എന്നിങ്ങനെയാണ് കേരളത്തിൽ സീറ്റ് നേടിയത്.

തിരഞ്ഞെടുപ്പ് ഫലം പുറത്തുവരുന്നതിന് ഏതാനും ദിവസങ്ങൾ മുമ്പ് വരുന്ന എക്സിറ്റ് പോളുകൾ ജനങ്ങളെ ആകാംക്ഷയിലാക്കാറുണ്ട്. ജൂൺ ആദ്യദിനത്തിൽതന്നെ ഏറെ പ്രതീക്ഷയോടെയാണ് രാഷ്ട്രീയ പ്രവർത്തകരും പൊതുജനങ്ങളും എക്സിറ്റ് പോൾ പ്രവചനങ്ങൾക്കായി കാത്തിരുന്നത്. ആളുകളെ സംബന്ധിച്ച് ഉദ്വേഗജനകമായ ദിവസമാണത്.

# ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളും അതിലൂടെ പൊടിക്കുന്ന കോടികളും

മൂന്നാം ഭാഗം

**മോഹൻ ശ്രീശൈലം**

2024 ലിലെ ലോകസഭാ തിരഞ്ഞെടുപ്പും കേട്ടറിഞ്ഞതും വിശ്വാസയോഗ്യരായ പാർട്ടി പ്രവർത്തകരുടെയും സ്ഥാനാർഥികളുടെ കൂടെയുള്ള സംഭാഷണത്തിൽ നിന്നും ചെലവുകളുടെ കണക്കൊക്കെ വിലയിരുത്തിയാൽ കിട്ടുന്ന സംഖ്യകൾ ചിന്തകൾക്കും കണക്കുകൂട്ടലുകൾക്കും വളരെ മുകളിലാണ് . വോട്ടിനുവേണ്ടി സമ്മതിദായർക്കു പണവും പാരിതോഷികങ്ങളും കൊടുക്കേണ്ട ആവശ്യം ഇല്ലാത്ത സംസ്ഥാനമാണ് കേരളം . പ്രധാനമായും മൂന്നു മുന്നണികളുടെ സ്ഥാനാർഥികളാണ് കേരളത്തിൽ മത്സരിക്കുന്നത് . കോൺഗ്രസ് നയിക്കുന്ന ഐക്യ ജനാധിപത്യ മുന്നണി (ഡഉഎ ), കോമ്മ്യൂണിസ്റ് പാർട്ടി നയിക്കുന്ന ഇടതുപക്ഷ ജനാതിപത്യ മുന്നണി (ഘഉഎ )

ആഖജ നയിക്കുന്ന നാഷനൽ ഡെമോക്രാറ്റിക് അല്ലിയൻസ് (ചഉഅ )ഇവരെ കൂടാതെ ചില സ്വതന്ത്ര സ്ഥാനാർത്ഥികളും ചില പ്രാദേശിക പാർട്ടിയുടെ സ്ഥാനാർത്ഥികളും കാണും . പണച്ചിലവിന്റെ കാര്യത്തിൽ പ്രധാനം ആദ്യം പറഞ്ഞ മൂന്ന് മുന്നണികളാണ് . കേരളത്തിലെ ഓരോ ലോകസഭാ മണ്ഡലങ്ങളിലും ഈ പറഞ്ഞ ഓരോ മുന്നണിയുടെയും സ്ഥാനാർഥി അനൗദ്യോഗികമായി ചിലവഴിച്ചിരിക്കുന്നത് 10 മുതൽ 12 കോടി രൂപയാണ് . അതായത് മൂന്ന് മുന്നണിയിലെ സ്ഥാനാർത്ഥികളും ചേർന്ന് 20 മണ്ഡലത്തിലുമായ് 60 സ്ഥാനാർത്ഥികളുടെ ചിലവ് ഏകദേശം 70 കൊടി രൂപ . ചുരുക്കിപ്പറഞ്ഞാൽ ഔദ്യോഗികമായി ഇലക്ഷന് കമ്മീഷൻ അനുവദിച്ചിരിക്കുന്ന 95. ലക്ഷം രൂപയുടെ സ്ഥാനത്തു അതിന്റെ 12 ഇരട്ടിയാണ് ഓരോ മുന്നണിയിലെയും സ്ഥാനാർത്ഥികൾ ചിലവഴിക്കുന്നത് . ഇതിലെ ഓരോമുന്നണിയുടെ സ്ഥാനാർത്ഥിക്കും 3 മുതൽ 5/6 കോടി രൂപ വരെ പാർട്ടി ചിലവഴിക്കുന്നു ബാക്കി സ്ഥാനാർത്ഥികളും അനുയായികളും പിരിച്ചെടുക്കുന്നു .കേരളത്തിന്റെ സ്ഥിതി ഇതാണെങ്കിൽ വോട്ടിന് വേണ്ടി പൈസയും പാരിതോഷികങ്ങളും നൽകുന്ന മറ്റ് സംസ്ഥാനങ്ങളിൽ ഓരോ സ്ഥാനാർത്ഥിയും ചിലവഴിക്കുന്നത് ഇതിന്റെ എത്രയോ ഇരട്ടിയാണ് . ചില സംസ്ഥാനങ്ങളിൽ നിയമസഭാ മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികൾ ഇലക്ഷൻ ചെലവ് 10 കോടിക്ക് മുകളിലാണ് . ശരാശരി 7 നിയമസഭാ മണ്ഡലങ്ങൾ ചേരുന്നതാണ് ഒരുലോകസഭാ മണ്ഡലം . ഇവിടെ കേളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ മേൽപ്പറഞ്ഞ മൂന്നു മുന്നണികളുടെ സ്ഥാനാർത്ഥികൾ. 3 മുതൽ 4 കൊടി വരെ ചിലവഴിക്കുന്നു. അപ്രകാരം കണക്ക് നോക്കിയാൽ ഒരു നിയമസഭാ മണ്ഡലത്തിൽ 10 കോടിയോളം ചെലവ് നടക്കുന്നു . 140 നിയമസഭാ മണ്ഡലങ്ങളും ചേരുമ്പോൾ ചിലവ് 1400 കൊടി ആയി മാറുന്നു .

ഔദ്യോഗികമായി ലോക റെക്കോർഡ് ആയി മാറുന്ന ഈ വർഷത്തെ തിരഞ്ഞെടുപ്പ് 1.35 ലക്ഷം കോടിയാണെങ്കിൽ അനൗദ്യോഗിക ചിലവുകൾ കൂട്ടുമ്പോൾ ഇത് കേരളം പോലുള്ള ചെലവ് കുറഞ്ഞ സംസ്ഥാനത്തിന്റെ കണക്കുമായി താരതമ്യം ചെയ്താൽ പോലും ആകെ 543 മണ്ഡലങ്ങളിലും കേരളത്തിലെ മണ്ഡലങ്ങളിലെ ചിലവ് കണക്കിലെടുത്താലും ഔദ്യോഗിക കണക്കായ 1.35 ലക്ഷം കോടി എന്നത് 543 മണ്ഡലങ്ങളിലും കേരളത്തിലെ ചിലവിന്റെ അടിസ്ഥാനത്തിൽ കണക്കുകൂട്ടിയാൽ പോലും 543 ៖ 30 അതായത് 16000മുതൽ 17000 കൊടി രൂപ വരെ . അപ്പോൾ ഔദ്യോഗികമായി കണക്കാക്കിയ 1.35 ലക്ഷം കോടി എന്നത് 1.50 ലക്ഷം കോടിയിലേറെ ആയി മാറുന്നു . ഓരോ സംസ്ഥാനവും 5 വർഷത്തിലൊരിക്കൽ ലൊകസഭ, നിയമസഭാ , തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെ മൂന്നു തിരഞ്ഞെദുപ്പു നേരിടുമ്പോൾ ഈ ഇനത്തിൽ 1.50 ലക്ഷം കൊടി രൂപയാണ് ലോക സഭാ തിരഞ്ഞെടുപ്പിനും , ഇന്ത്യയിലാകമാനം 4123 നിയമസഭാ മണ്ഡലങ്ങളും ചേരുമ്പോൾ ഓരോ മണ്ഡലത്തിലും മൂന്നു മുന്നണിയുടെ കേരളത്തിൽ ഘഉഎ , ഡഉഎ , ചഉഅ എന്നീ മൂന്ന് മുന്നണികളാണ് എങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ ചഉഅ , ഡജഅ. കൂടാതെ രണ്ടിലും ചേരാത്ത പ്രാദേശിക പാർട്ടികൾ ഉണ്ട് . അതായത് എല്ലാ മണ്ഡലങ്ങളിലും മൂന്ന് മുന്നണികൾ മത്സരിക്കുന്നു . ഈ ഓരോ നിയമസഭാ മണ്ഡലത്തിലും നിയമസഭാ തിരഞ്ഞെടുപ്പുകളിൽ മൂന്ന് മുന്നണികളും ചേർന്ന് 10 മുതൽ 15 കൊടി വരെ ചിലവഴിക്കുന്നു . 4123 മണ്ഡലങ്ങളിലുമായി 50000 കോടി രൂപ ചിലവാകും ഇതിൽ ഔദ്യോഗിക ചിലവുകൾ കൂട്ടുമ്പോൾ ഇന്ത്യൻ നിയമ സഭാ തിരഞ്ഞെടുപ്പ് മൊത്തം 65000 കൊടി രൂപയിലധികമാണ് . ഇതുപോലൊരു സംഖ്യ തദ്ദേശ സ്ഥാപനങ്ങലിലുള്ള തിരഞ്ഞെടുപ്പിലും ചിലവാകുന്നു . അതായത് ഇന്ത്യയിൽ മൂന്ന് തിരഞ്ഞെടുപ്പിലൂടെ 2.ലക്ഷം കോടി മുതൽ 2.5 ലക്ഷം കോടി രൂപ ചിലവഴിക്കുന്നു .

ചുവരെഴുത്തുകൾ , ശബ്ദ സംവിധാനം , പോസ്റ്റർ അടിക്കൽ , ഡീസൽ , വണ്ടിവാടകകൾ , ആഹാര ചിലവുകൾ എന്നിങ്ങനെ ചിലർക്ക് കുറച്ചു ദിവസങ്ങളിൽ ജോലിയും വരവും ഉണ്ടാക്കുന്നു രാജ്യം ഒരു ഉത്സവ കാലമായി മാറുന്നു നഗരങ്ങളും ഗ്രാമങ്ങളും ഒന്നുപോലെ ഉണർന്നു പ്രവർത്തിക്കുന്നു . ചുരുങ്ങിയ കാലയളവിൽ കുറച്ച് ജോലിസാധ്യതയും വരുമാനവും കുറച്ചുപേർക്കെങ്കിലും ഉണ്ടാകുമെങ്കിലും അത് താൽക്കാലികം മാത്രമാണ് . മറിച്ച് ഇന്ത്യയിലെ ഓരോ സംസ്ഥാനവും 5 വർഷത്തിൽ ഏറ്റവും കുറഞ്ഞത് മൂന്ന് തിരഞ്ഞെടുപ്പുകൾ നേരിടുന്നു അതിലൂടെ 2 ലക്ഷം കോടി മുതൽ 2.5 ലക്ഷം കോടി രൂപ അതായത് ഓരോ വർഷവും മുതൽ ശരാശരി 50000 കോടി രൂപ തിരഞ്ഞെടുപ്പ് ചെലവുകൾക്ക് മാത്രം വിനയോഗിക്കുന്നു . ഇതിന്റെ ഭൂരിഭാഗവും ദുർവിനിയോഗിക്കപ്പെടുന്നു എന്നതാണ് പരമാർത്ഥം .

ഈ പരമാർത്ഥം മനസ്സിലാക്കാൻ ഓരോ തിരഞ്ഞെദുപ്പു കഴിയുമ്പോൾ വരവ് ചെലവ് മാത്രമല്ല സ്ഥാനാർഥിയുടെയും കൂടെയുള്ള പ്രവർത്തകാരുടെ സമ്പത്സ്ഥിതി അവലോകനം ചെയ്താൽ ഞെട്ടിക്കുന്ന സത്യങ്ങൾ മനസിലാക്കാം . ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പാകെ സമർപ്പിച്ച അയാളുടെ സമ്പത് രേഖ അയാൾ തിരഞ്ഞെടുക്കപ്പെടുകയും 5 വർഷത്തിന് ശേക്ഷം വീണ്ടും അതെ സ്ഥാനാർഥി അതായത് നിലവിലെ എം പി അഥവാ എം എൽ ഏ വീണ്ടും മത്സരിക്കുമ്പോൾ തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന സമ്പത്തിന്റെ ഔദ്യോഗിക രേഖകളും അനൗദ്യോഗികമായി സമ്പാദിച്ച സ്വത്തുക്കളും പഠിച്ചാൽ ഈ ദുർവിനിയോഗം മനസ്സിലാക്കാൻ സാധിക്കും . കൂടാതെ ഓരോ തിരഞ്ഞെടുപ്പ് കഴിയുമ്പോൾ സ്ഥാനാർത്ഥിയുടെ കൂടെ പ്രവർത്തിച്ച പ്രവർത്തകരും സമ്പന്നരാകുന്നു . ഇത് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു നഗ്ന സത്യം .

2024 ലിലെ കേന്ദ്ര ബജറ്റ് പരിശോദിച്ചാൽ ചെലവുകൾക്കായി കണക്കാക്കിയിരിക്കുന്നത് 14.9 ലക്ഷം കൊടി രൂപയാണ് . ഇവിടെ ഓരോ വർഷവും 50000 കോടി രൂപ തിരഞ്ഞെടുപ്പിൽ മാത്രം ചിലവഴിക്കുന്നു . അതായത് ഇന്ത്യയിൽ ബഡ്ജറ്റിന്റെ 3 മുതൽ 4 ശതമാനം വരെ .

ഈ ധനം എവിടെനിന്നും സ്വരൂപിക്കുന്നു . ജനങ്ങളിലിൽ നിന്നും പ്രധാനമായും വ്യാപാരി വ്യവസായി മേഖലയിൽ നിന്നും . വ്യാപാരികളും വ്യവസായികളും ഇ

(ശേഷം പേജ് 4)

# തീരം തരൂരിനൊപ്പം; തലസ്ഥാനത്ത് യുഡിഎഫ്



തിരുവനന്തപുരം: ശക്തമായ ത്രികോണ മത്സരത്തിനൊടുവിൽ തിരുവനന്തപുരം ശശിതരൂർ ഉറപ്പിച്ചു. വോട്ടെണ്ണലിൻറെ ആദ്യാവസാനം ലീഡ്നില മാറിമറിഞ്ഞ മണ്ഡലത്തിൽ 15000 ത്തിൽപ്പരം വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് തരൂർ വിജയം ഉറപ്പിച്ചത്.

വോട്ടെണ്ണലിൻറെ ഒരു ഘട്ടത്തിൽ ബിജെപി സ്ഥാനാർഥി രാജീവ് ചന്ദ്രശേഖറിൻറെ ഭൂരിപക്ഷം 24000 കവിഞ്ഞിരുന്നു. എന്നാൽ തീരമേഖലയിലേക്ക് വോട്ടെണ്ണൽ എത്തിയതോടെ ബിജെപിയുടെ എല്ലാ പ്രതീക്ഷകളും തകിടം മറിഞ്ഞു.

നേമം ഉൾപ്പടെയുള്ള നഗരമേഖലയിൽ ബിജെപി വ്യക്തമായ ലീഡുനേടിയപ്പോൾ പാറശാല, കോവളം ഉൾപ്പടെയുള്ള തീരമേഖലയിൽ യുഡിഎഫ് വ്യക്തമായ ലീഡു നേടി. ഈ വോട്ടുകൾ തരൂരിൻറെ വിജയത്തിൽ നിർണായകമായി.

വോട്ടെണ്ണലിൻറെ ഒരു ഘട്ടത്തിലും എൽഡിഎഫ് സ്ഥാനാർഥി പന്ന്യൻ രവീന്ദ്രന് മുന്നിൽ എത്താനായില്ലെങ്കിലും കഴിഞ്ഞ തവണ എൽഡിഎഫ് സ്ഥാനാർഥി പിടിച്ചതിനെക്കാൾ കൂടുതൽ വോട്ട് പന്ന്യൻ നേടി.

# സംസ്ഥാനത്ത് രണ്ടിടത്ത് ഉപതെരഞ്ഞെടുപ്പ്

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ സംസ്ഥാനത്ത് രണ്ട് നിയമസഭാ സീറ്റിൽ ഉപതെരഞ്ഞെടുപ്പ് ഉറപ്പായി. വടകരയിൽ ഷാഫി പറന്പിലും ആലത്തൂരിൽ കെ. രാധാകൃഷ്ണനും വിജയിച്ചതോടെയാണ് പാലക്കാട്ടും ചേലക്കരയിലും ഉപതെരഞ്ഞെടുപ്പിനു കളമൊരുങ്ങുന്നത്.

2021 ൽ കോൺഗ്രസിലെ സി. എസ്. ശ്രീകുമാറിനെ 39400 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് കെ. രാധാകൃഷ്ണൻ നിയമസഭയിൽ എത്തിയത്.

രണ്ടാം പിണറായി സർക്കാരിൽ ദേവസ്വം, പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയായി ഇരിക്കെയാണ് ആലത്തൂർ തിരികെ പിടിക്കാൻ പാർട്ടി അദ്ദേഹത്തെ നിയോഗിച്ചത്.

2011 മുതൽ പാലക്കാട് നിന്നുള്ള നിയമസഭാംഗമായ ഷാഫി പറന്പിൽ ശക്തമായ പോരാട്ടത്തിൽ സിപിഎമ്മിലെ കെ. കെ. ഷൈലജയെ പരാജയപ്പെടുത്തിയാണ് പാർലമെൻറിലേക്ക് പോകുന്നത്. 2021ൽ നടന്ന തെരഞ്ഞെടുപ്പിൽ ബിജെപിയുടെ ഇ. ശ്രീധരനെ പരാജയപ്പെടുത്തിയാണ് ഷാഫി നിയമസഭയിൽ ഹാട്രിക്ക് വിജയം നേടിയത്.

രാഹുൽ ഗാന്ധി റായ്ബറേലി മണ്ഡലം നിലനിർത്തുകയാണെങ്കിൽ വയനാട്ട് ലോക്സഭ മണ്ഡലത്തിലും ഉപതെരഞ്ഞെടുപ്പിന് കളം ഒരുങ്ങും.



# മെക്സിക്കോയ്ക്ക് ആദ്യ വനിതാ പ്രസിഡന്റ്

മെക്സിക്കോ സിറ്റി: മെക്സിക്കോയുടെ ആദ്യ വനിതാ പ്രസിഡന്റായി ഇടതുപക്ഷ മൊറേന പാർട്ടി സ്ഥാനാർത്ഥി ക്ലൗ!ഡിയ ഷെയിൻബോം. 58.3 ശതമാനം വോട്ടുകൾ നേടിയാണ് ക്ലൗഡിയ ചരിത്രം സൃഷ്ടിച്ചത്.

പ്രധാന എതിരാളിയായ സൊചിറ്റിൻ ഗാൽവേസിന് 26.6 ശതമാനം വോട്ടുകളാണ് നേടാനായത്. മൊവിമിയന്റോ സിയുഡാഡാനോയുടെ സ്ഥാനാർത്ഥി ജോർജ് അൽവാരസ് മെയ്നെസ് 9.9 ശതമാനം വോട്ടുകൾ നേടി മൂന്നാം സ്ഥാനത്തെത്തി. എക്സിറ്റ് പോളുകളിൽ ഉൾപ്പെടെ ക്ലൗഡിയയ്ക്ക് വമ്പിച്ച ഭൂരിപക്ഷം പ്രവചിച്ചിരുന്നു. മൊറേന പാർട്ടി സ്ഥാപക നേതാവ് ആന്ദ്രേ ഒബ്രഡോറിന്റെ അടുത്ത അനുയായിയാണ്കാലാവസ്ഥ ശാസ്ത്ര!ഞ്ജകൂടിയായ ക്ലൗഡിയ ഷെയിൻബോം. ഒബ്രഡോറിന്ലഭിച്ചിരുന്ന പിന്തുണയും ക്ലൗഡിയയുടെ വിജയത്തെ സ്വാധീനിച്ചു.

പ്രായമായവർ,മക്കൾക്കൊപ്പം താമസിക്കുന്ന വിധവകൾക്കുള്ള ധനസഹായം, ദരിദ്രമായപ്രദേശങ്ങളിൽ മുൻനിര അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവഉൾപ്പെടെയുള്ള ഒബ്രഡോറിന്റെ നയങ്ങൾ തുടരുമെന്നും ഷെയിൻബോംപറഞ്ഞിരുന്നു. മെക്സിക്കോയുടെ ആധുനിക ചരിത്രത്തിലെ അക്രമാസക്തമായതെരഞ്ഞെടുപ്പ് കൂടിയായിരുന്നു ഇത്തവണത്തേത്. മുപ്പതോളം സ്ഥാനാർത്ഥികൾ കൊല്ലപ്പെടുകയും മയക്കുമരുന്ന്, ക്രിമിനൽ സംഘങ്ങളുടെഭീഷണിയെത്തുടർന്ന് നൂറുകണക്കിന് സ്ഥാനാർത്ഥികൾ മത്സരത്തിൽ നിന്ന്പിന്മാറുകയും ചെയ്തിരുന്നു.

ഫെന്റനൈൽ മയക്കുമരുന്നുകൾ പ്രധാനമായും അമേരിക്കയിലേക്ക് എത്തുന്നത്മെക്സിക്കോയിലൂടെയാണെന്ന് റിപ്പോർട്ട്. കൂടാതെ അമേരിക്കയിലേക്കുള്ള നിയമവിരുദ്ധ കുടിയേറ്റവും മെക്സിക്കോ അതിർത്തിയിലൂടെയാണ് നടക്കുന്നത്. ഇവ തടയാനുള്ള വലിയ ചർച്ചകൾ ഇരുരാജ്യങ്ങളും തമ്മിൽ നടക്കുന്നതിനിടയിലാണ് ഷെയിൻബോം അധികാരമേൽക്കുന്നത്.

നവംബറിലെ അമേരിക്കൻ പ്രസിഡന്റ്തിരഞ്ഞെടുപ്പ് ഡോണൾഡ് ട്രംപ് ജയിക്കുകയാണെങ്കിൽ ഈ ചർച്ചകൾ കൂടുതൽ ബുദ്ധിമുട്ടാകുമെന്നാണ് മെക്സിക്കൻ ഉദ്യോഗസ്ഥരുടെ ആശങ്ക. മെക്സിക്കോയിൽ നിർമ്മിക്കുന്ന ചൈനീസ് കാറുകൾക്ക് 100 ശതമാനം താരിഫ് ചുമത്തുമെന്നുംമയക്കുമരുന്ന് കാർട്ടലുകളെ നേരിടാൻ പ്രത്യേക സേനയെ അണിനിരത്തുമെന്നുംട്രംപ് പ്രഖ്യാപിച്ചിരുന്നു,

# പൗരന്മാരോട് മാലദ്വീപ് വിടാനാവശ്യപ്പെട്ട് ഇസ്രയേൽ

ടെൽ അവീവ്: മാലദ്വീപിൽ നിന്ന് ഉടൻ ഒഴിയണമെന്ന് പൗരന്മാർക്ക് നിർദേശം നൽകി ഇസ്രയേൽ. ഗാസയിൽ നടത്തുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ഇസ്രയേൽ പാസ്!പോർട്ട് ഉടമകൾക്ക് മാലദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു വിലക്കേർപ്പെടുത്തിയിരുന്നു. കാബിനറ്റ് ശുപാർശയെത്തുടർന്നാണ് മുഹമ്മദ് മുയിസുവിന്റെ തീരുമാനം. ഇന്നലെ മുതൽ ഇത് ഔദ്യോഗികമായി നടപ്പിലാക്കുകയും ചെയ്തു. ഇതിനു പിന്നാലെയാണ് ഇസ്രയേൽ വിദേശകാര്യ മന്ത്രാലയത്തിന്റെ നിർദേശം.

ദ്വീപിൽ തുടരുന്ന പൗരന്മാർ രാജ്യം വിടണം. ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ ഉണ്ടായാൽ സഹായിക്കാൻ ബുദ്ധിമുട്ടാകുമെന്നാണ് ഇസ്രയേൽ അറിയിച്ചത്. ശുപാർശയിൽ ഇരട്ട പൗരത്വമുള്ള ഇസ്രയേലികളും ഉൾപ്പെടുന്നുവെന്ന് മന്ത്രാലയത്തിന്റെ അറിയിപ്പുണ്ട്. ഓരോ വർഷവും ഏകദേശം 11,000 ഇസ്രയേലികളാണ് മാലദ്വീപ് സന്ദർശിക്കുന്നത്.

ഇസ്രായേൽ പാസ്പോർട്ട് ഉടമകൾ രാജ്യത്ത് പ്രവേശിക്കുന്നത് തടയാൻ നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനും ഇതിന് മേൽനോട്ടം വഹിക്കാൻ കാബിനറ്റ് ഉപസമിതി രൂപീകരിക്കുന്നതിനും മന്ത്രിസഭാ യോഗത്തിൽ ധാരണയായി.

പലസ്തീന് പിന്തുണ വർധിപ്പിക്കുന്നതിനായി ഇസ്ലാമിക രാജ്യങ്ങളുമായി ചർച്ചകൾ ആരംഭിക്കാനും പലസ്തീനികളുടെ അടിയന്തര ആവശ്യങ്ങൾ വിലയിരുത്താനും പ്രത്യേക പ്രതിനിധിയെ നിയമിക്കും. പലസ്തീൻ അഭയാർത്ഥികൾക്കായുള്ള യുഎൻ ഏജൻസിയുടെ സഹായത്തോടെ ധനസമാഹരണ കാമ്പയിൻ ആരംഭിക്കും. രാജ്യവ്യാപകമായി പലസ്തീൻ അനുകൂല റാലി നടത്താൻ പ്രസി!ഡന്റ് തീരുമാനിച്ചതായും ആഭ്യന്തര സുരക്ഷാ മന്ത്രി അലി ഇഹ്സാൻ അറിയിച്ചു.

# മാലിന്യ ബലൂണുകൾ അയയ്ക്കുന്നത് അവസാനിപ്പിച്ച് ഉത്തര കൊറിയ

പ്യോങ്!യാങ്: ദക്ഷിണ കൊറിയയിലേക്ക് മാലിന്യ ബലൂണുകൾ അയയ്ക്കുന്നത് അവസാനിപ്പിച്ച് ഉത്തര കൊറിയ. സിഗരറ്റ് കുറ്റികൾ മുതൽ മനുഷ്യ വിസർജ്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിറച്ച് 900 ബലൂണുകളാണ് മേയ് 28 മുതൽ ദക്ഷിണ കൊറിയയിലേക്ക് അയച്ചത്. കിം ജോങ് ഉന്നിനെതിരായ ലഘുലേഖകളുമായി സിയോൾ പ്യോങ്!യാങ്ങിലേക്കയച്ച ബലൂണുകൾക്കുള്ള മറുപടിയാണിതെന്നായിരുന്നും ഉത്തര കൊറിയ പറഞ്ഞിരുന്നു. ചിതറിക്കിടക്കുന്ന പാഴ്പേപ്പറുകൾ നീക്കം ചെയ്യുന്നത് എത്രത്തോളം പരിശ്രമം ആവശ്യമുള്ള ജോലിയാണെന്ന അനുഭവം ദക്ഷിണ കൊറിയയിലുള്ളവർക്ക് മനസിലായിട്ടുണ്ടായെന്നും ബലൂണുകൾ അയയ്ക്കുന്നത് അവസാനിപ്പിച്ചതായും ഉത്തര കൊറിയൻ ഉപ പ്രതിരോധ മന്ത്രി കിം കാങ് ഇൽ പറഞ്ഞു. ദക്ഷിണ കൊറിയൻ പ്രവർത്തകർ വീണ്ടും ബലൂണുകൾ വഴി പ്യോങ്യാങ് വിരുദ്ധ പ്രചാരണ ലഘുലേഖകൾ അയച്ചാൽ, നൂറിരട്ടി മാലിന്യങ്ങളുമായി നടപടി പുനരാരംഭിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ദക്ഷിണ കൊറിയൻ പാർലമെന്റ് 2020ൽ ഉത്തരകൊറിയയിലേക്ക് ലഘുലേഖകൾ അയയ്ക്കുന്നത് കുറ്റകരമാക്കുന്ന നിയമം പാസാക്കിയിരുന്നു. കഴിഞ്ഞ വർഷം ഭരണഘടനാ കോടതി അഭിപ്രായ സ്വാതന്ത്ര്യ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി നിയമം റദ്ദാക്കി.

# രാഹുൽ ഗാന്ധിയോട് പരാജയം സമ്മതിച്ച് ബിജെപി

3.45 മണി വരെയുള്ള ട്രെൻഡ് പ്രകാരം 231 സീറ്റുകളിലാണ് ഇന്ത്യാ മുന്നണി ലീഡ് ചെയ്യുന്നത്. കോൺഗ്രസ് 100 സീറ്റുകളിൽ മുന്നിട്ടു നിൽക്കുന്നു. എൻഡിഎയ്ക്ക് വൻകുതിപ്പുണ്ടാക്കുമെന്ന് പ്രതീക്ഷിച്ച ഉത്തർപ്രദേശിൽ അഖിലേഷ് യാദവിന്റെ സമാജ്വാദി പാർട്ടി ഇന്ത്യാ മുന്നണിയുടെ കുന്തമുനയായി. ആകെയുള്ള 80 സീറ്റുകളിൽ 42 സീറ്റുകളിലും ഇന്ത്യാ മുന്നണിയാണ് ലീഡ് ചെയ്യുന്നത്. രാഹുൽ ഗാന്ധിയെ 2019ൽ പരാജയപ്പെടുത്തിയ സ്മൃതി ഇറാനിയും മുതിർന്ന നേതാവ് മേനകാ ഗാന്ധിയും മത്സരത്തിൽ പുറകിലേക്ക് പോവുകയാണ്.

### നിലവിലെ ട്രെൻഡ്

3.45 വരെയുള്ള ഫലങ്ങളുടെ സൂചനകൾ പരിശോധിക്കുമ്പോൾ എൻഡിഎ 295 സീറ്റുകളിലും ഇന്ത്യാ മുന്നണി 231 സീറ്റുകളിലും ലീഡ് ചെയ്യുന്നു. മുന്നണികളുടെ ഭാഗമല്ലാത്ത 14 പേരും മത്സരത്തിൽ മുന്നിലാണ്.

### കുലുങ്ങാതെ 'വംഗനാട്'

2024 തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വിവാദങ്ങളുണ്ടാക്കിയ സംസ്ഥാനങ്ങളിലൊന്നായ ബംഗാളിൽ ബിജെപി പ്രതീക്ഷിച്ച വിജയം നേടിയില്ലെന്ന് മാത്രമല്ല 2019ൽ നേടിയ സീറ്റുകൾ നഷ്ടമാവുകയും ചെയ്തു. 2019ൽ ടിഎംസി 22 സീറ്റും ബിജെപി 18 സീറ്റുമാണ് നേടിയത്. നിലവിലെ ട്രെന്റുകൾ പ്രകടമാക്കുന്നത് 30 സീറ്റിൽ ടിഎംസിയും 11 സീറ്റുകളിൽ ബിജെപിയും 1 സീറ്റിൽ കോൺഗ്രസ് സിപിഎം സഖ്യവുമാണ് ലീഡ് ചെയ്യുന്നത്.

അമിതമായ ആത്മവിശ്വാസവും കൃത്യമായ പാർട്ടി ഘടനയും മുഖമായി ഒരു നേതാവും ഇല്ലാത്തതാണ് ബിജെപിയുടെ ഈ പരാജയത്തിന് കാരണമെന്ന് അഭിപ്രായം പൊതുവെയുണ്ട്.

### നൂറ് കടന്ന് കോൺഗ്രസ്

വർഷങ്ങൾപ്പുറം 100 സീറ്റെന്ന് നേട്ടം സ്വന്തമാക്കിയിരിക്കുകയാണ് കോൺഗ്രസ് പാർട്ടി. 2019ൽ 52 സീറ്റുകൾ മാത്രമാണ് കോൺഗ്രസ് നേടിയത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ, ബിജെപി 303 സീറ്റുകൾ ഒറ്റയ്ക്ക് നേടിയിരുന്നു. 272 എന്ന സംഖ്യ പാതിവഴിയിൽ തന്നെ കടന്നിരുന്നു. ആകെ വോട്ടിന്റെ 37.36% ഉം പാർട്ടി നേടിയിരുന്നു. കോൺഗ്രസാകട്ടെ ആകെ വോട്ടിന്റെ 19.5% മാത്രമാണ് നേടിയത്.

ഉത്തർപ്രദേശിൽ പ്രതിപക്ഷ സഖ്യത്തിന്റെ നേട്ടം മികച്ചതാണ്. യുപിയിൽ ഇന്ത്യാ മുന്നണി നേർക്കുനേർ പോരാട്ടം നടത്തിയതായി ആദ്യ ട്രെൻഡുകൾ വ്യക്തമാക്കി. കോൺഗ്രസ് സമാജ്വാദി പാർട്ടി സഖ്യം മത്സരത്തിൽ മുന്നേറി.

### ആര് ഭരിക്കണമെന്ന് തീരുമാനിക്കുക 'ചെറിയ പാർട്ടികൾ'

വ്യക്തമായ ഭൂരിപക്ഷം നേടാൻ ബിജെപിയ്ക്ക് സാധിക്കാതെ വന്നതോടെ സംസ്ഥാനങ്ങളിൽ മാത്രം ഒതുങ്ങുന്ന തെലുങ്കു ദേശം പാർട്ടി (ടിഡിപി), ബീഹാറിൽ നിധീഷ് കുമാറിന്റെ ജെഡിയു എന്നീ പാർട്ടികൾ കിങ്ങ് മേക്കറാകും. ഇവർക്ക് മുന്നണിയ്ക്കുള്ളിൽ പ്രാധാന്യം കൂടും. സർക്കാർ രൂപീകരണത്തിലും മറ്റും വിലപേശലുകൾക്ക് ഇതിലൂടെ സാധിക്കും.

ലോക്സഭയിലേക്കും നിയമസഭയിലേക്കും ഒരേ സമയത്ത് തിരഞ്ഞെടുപ്പ് നടന്ന് ഒറീസ്സയിൽ നിലവിലെ ട്രെൻഡ് പ്രകാരം ബിജെപിയ്ക്ക് സർക്കാർ രൂപീകരിക്കാൻ സാധിക്കും. 147 സീറ്റുകളുള്ള നിയമസഭയിൽ 77 സീറ്റുകളാണ് ബിജെപി ലീഡ് ചെയ്യുന്നത്. 74 സീറ്റുകളാണ് ഭൂരിപക്ഷത്തിനാവശ്യമായി വേണ്ടത്. നിലവിൽ സംസ്ഥാനം ഭരിക്കുന്ന ബിജു ജനദാദൾ (ബിജെഡി) 54 സീറ്റുകളിൽ മുന്നിട്ട നിൽക്കുന്നു.

കോൺഗ്രസ് 14 സീറ്റുകളിലും മറ്റുള്ളവർ 2 സീറ്റിലും ലീഡ് ചെയ്യുന്നു. ബിജെഡിയും കോൺഗ്രസും മറ്റുള്ളവരും സഖ്യം രൂപീകരിച്ചാൽ ഒരു എംഎൽഎയുടെ ഭൂരിപക്ഷത്തിൽ ബിജെപിയ്ക്ക് സംസ്ഥാനം ഭരിക്കേണ്ടി വരും.

ദേശിയതലത്തിലും സംസ്ഥാനത്തിലും ഒരുപോലെ നേട്ടമുണ്ടാക്കിയിരിക്കുകയാണ് ചന്ദ്രബാബു നായിഡുവിന്റെ ടിഡിപി. ജഗൻമോഹൻ റെഡ്ഡിക്കെതിരെയുള്ള ജനവികാരം ടിഡിപിയ്ക്ക് നൽകിയിരിക്കുന്നത് 132 സീറ്റുകൾ എന്ന വലിയ നേട്ടമാണ്. ഭൂപക്ഷം ലഭിക്കാൻ 88 സീറ്റുകൾ മതിയെന്നിരിക്കെയാണ് ഈ വിജയം. സംസ്ഥാനം ഭരിച്ചിരുന്ന വൈഎസ്ആർ കോൺഗ്രസിന് ലഭിച്ചിരിക്കുന്നത് വെറും 16 സീറ്റുകളാണ്. 151 സീറ്റുകളിൽ നിന്നാണ് ഈ വീഴ്ച.

വെറുമൊരു ലോക്സഭാ തിരഞ്ഞെടുപ്പ് മാത്രല്ല മഹാരാഷ്ട്രയിൽ നടന്നത്. മറാഠാ വികാരത്തിന്റെ അടയാളമായിരുന്ന 2 രാഷ്ട്രീയപ്പാർട്ടികൾ അധികാരത്തിന്റെ പേരിൽ നാലായി പിരിഞ്ഞപ്പോൾ, ഒറിജിനൽ ആരെന്ന് ബോധ്യപ്പെടുത്താനുള്ള അവസരമായിരുന്നു ഇത്.

വാസ്തവത്തിൽ നടന്നത് രണ്ടായി പിരിഞ്ഞ എൻസിപി ശരത് പവാർ ഘടകവും എൻസിപി അജിത് പവാർ ഘടകങ്ങൾ തമ്മിലും ശിവസേന താക്കറെ വിഭാഗവും ശിവസേന ഷിൻഡെ വിഭാഗം തമ്മിലും നടന്ന മത്സരമായിരുന്നു. ഇരു പാർട്ടികൾ ചിഹ്നത്തിനും പേരിനും വേണ്ടി വാശിയേറിയ തർക്കങ്ങൾ നടന്നു. ബിജെപിയുടെ സഹായത്തോടെ പണം കൊണ്ട് നേതാക്കളെയും എംഎൽഎമാരെയും വിലയ്ക്ക് വാങ്ങിയെങ്കിലും ജനങ്ങളുടെ വോട്ട് ഇന്ത്യാ സഖ്യത്തിന്റെ ഭാഗമായ എൻസിപി ശരത് പവാർ ഘടകത്തിലും ശിവസേന താക്കറെ വിഭാഗവും നേടി.

# അസമിൽ വെള്ളപ്പൊക്കം രൂക്ഷം: മരിച്ചവരുടെ എണ്ണം 15 ആയി

ഗുവാഹട്ടി: അസമിൽ വെള്ളപ്പൊക്കം രൂക്ഷമായി തുടരുന്നു. സംസ്ഥാനത്ത് പ്രളയക്കെടുതി മൂലം മരിച്ചവരുടെ എണ്ണം 15 ആയി ഉയർന്നു. കഴിഞ്ഞ ദിവസം മൂന്ന് മൃതദേഹങ്ങൾ കൂടി കണ്ടെത്തിയതോടെയാണ് മരണ സംഖ്യ ഉയർന്നത്. കച്ചർ, നാഗോൺ എന്നിവടങ്ങളിലാണ് രണ്ട് മരണങ്ങൾ റിപ്പോർട്ട് ചെയ്തത്. അതേസമയം, ദുരിതബാധിതരുടെ എണ്ണം നേരിയതോതിൽ കുറഞ്ഞതായി അസം സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (എഎസ്ഡിഎംഎ)പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു.

നിലവിൽ 13 ജില്ലകളിലായി 5,35,246 പേരാണ് ദുരിതബാധിതർ. നാഗോൺ ജില്ലയിലാണ് പ്രളയം കൂടുതൽ നാശം വിതച്ചത്. 3, 03, 567 പേരാണ് ജില്ലയിൽ ദുരിതബാധിതർ.

സംസ്ഥാനത്ത് 39,000 ത്തിലധികം ആളുകളെ 193 ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിച്ചു. 275 ദുരിതാശ്വാസ ക്യാമ്പുകളും 82 സഹായ വിതരണ കേന്ദ്രങ്ങളും തുറന്നിട്ടുണ്ട്. രക്ഷാ പ്രവർത്തനത്തിനായി എൻഡിആർഎഫ്, എസ്ഡിആർഎഫ്, ജില്ലാ ഭരണകൂടവും വൈദ്യ സഹായത്തിനായി മെഡിക്കൽ സംഘങ്ങളും പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

# റിംപാക് നാവികസേനാ അഭ്യാസത്തിൽ ഇന്ത്യ പങ്കെടുക്കും

വാഷിങ്ടൺ: യുഎസിന്റെ റെഡ് ഫ്ലാഗ് സൈനികാഭ്യാസത്തിൽ പങ്കെടുത്ത്ഇന്ത്യൻ വ്യോമസേന (ഐഎഎഫ്). മേയ് 30 ന് അലാക്സയിൽ ആരംഭിച്ച അഭ്യാസത്തിൽ എട്ട് റഫാൽ മൂന്ന് സി17, രണ്ട് ഐഎൽ78 വിമാനങ്ങളാണ് ഇന്ത്യ വിന്യസിച്ചത്. നാല് രാജ്യങ്ങളിൽ നിന്നുള്ള 100 ലധികം വ്യോമസേനാ വിമാനങ്ങളാണ് റെഡ് ഫ്ലാഗിൽ പങ്കെടുത്തത്. ജോയിന്റ് പസഫിക് അലാസ്ക റേഞ്ച് കോംപ്ലക്സ്, എയൽസൺ എയർഫോഴ്സ് ബേസ്, അലാസ്കയിലെ എൽമെൻഡോർഫ് റിച്ചാർഡ്സൺ എന്നിവിടങ്ങളിലാണ് അഭ്യാസ പ്രകടനങ്ങൾ നടക്കുക. ലോകത്തിലെ ഏറ്റവും വലിയ അന്താരാഷ്ട്ര നാവിക അഭ്യാസമായ റിംപാകിലും

ജപ്പാൻഇന്ത്യ നാവിക അഭ്യാസമായ ജിമെക്സിലും ഐഎൻഎസ് ശിവാലിക പങ്കെടുക്കുമെന്ന് നാവിക സേന അറിയിച്ചു. 26 മുതൽ ഓഗസ്റ്റ് രണ്ട് വരെ ഹവായിയൻ ദ്വീപുകളിൽ നടക്കുന്ന റിംപാക് അഭ്യാസത്തിൽ 29 രാജ്യങ്ങൾ, 40 ഉപരിതല കപ്പലുകൾ, മൂന്ന് അന്തർവാഹിനികൾ, 14 ദേശീയ കരസേനകൾ, 150 ലധികം വിമാനങ്ങൾ, 25,000 ലധികം ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. ഓസ്ട്രേലിയ, ബെൽജിയം, ബ്രസീൽ, ബ്രൂണെ, കാനഡ, ചിലി, കൊളംബിയ, ഡെൻമാർക്ക്, ഇക്വഡോർ, ഫ്രാൻസ്, ജർമ്മനി, ഇന്ത്യ, ഇന്തോനേഷ്യ, ഇസ്രായേൽ, ഇറ്റലി, ജപ്പാൻ, മലേഷ്യ, മെക്സിക്കോ, നെതർലാൻഡ്സ്, ന്യൂസിലാൻഡ്, പെറു റിപ്പബ്ലിക് ഓഫ് കൊറിയ, റിപ്പബ്ലിക് ഓഫ് ഫിലിപ്പീൻസ്, സിംഗപ്പൂർ, ശ്രീലങ്ക, തായ്ലൻഡ്,ടോംഗ, യുകെ, യുഎസ് എന്നീ രാജ്യങ്ങളും റിംപാകിന്റെ ഭാഗമാകും.

# ഐഇഎൽടിഎസ്, ഒഇടി മോക്ക് ടെസ്റ്റ്

തിരുവനന്തപുരം: സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസിന്റെ (എൻഐഎഫ്എൽ) തിരുവനന്തപുരം സെന്ററിൽ ഐഇഎൽടിഎസ്, ഒഇടി മോക്ക് ടെസ്റ്റ് സെഷനുകൾ (ഓഫ്ലൈൻ മാത്രം) സംഘടിപ്പിക്കുന്നു. ലിസണിങ്, റീഡിങ്, സ്പീക്കിങ്, റൈറ്റിങ് എന്നീ നാലു മൊഡ്യൂളുകൾ ഒരുമിച്ചോ പ്രത്യേകമായോ പരിശീലനം ലഭിക്കും. യഥാർത്ഥ പരീക്ഷാ സാഹചര്യത്തെ അനുകരിക്കുന്നതും, എല്ലാ മൊഡ്യൂളുകളിലും വ്യക്തിഗത ഫീഡ്ബാക്ക് ലഭിക്കുന്ന രീതിയിലുമാണ് പരിശീലനം. എല്ലാ മൊഡ്യൂളുകൾക്കുമായി 10 ദിവസത്തെ പാക്കേജിന് 6,425 രൂപയും, ഒരു ദിവസത്തെ പാക്കേജിന് 2,360 രൂപയുമാണ് ജിഎസ്!ടി ഉൾപ്പെടെയുള്ള ഫീസ്.

# കുവൈറ്റിന്റെ പുതിയ കിരീടാവകാശി ചുമതലയേറ്റു

കുവൈറ്റ് സിറ്റി: കുവൈറ്റിന്റെ പുതിയ കിരീടാവകാശിയായി ശൈഖ് സബാഹ് ഖാലിദ്അൽ ഹമദ് അൽ സബാഹ്. ശനിയാഴ്ചയാണ് അമീർ ശൈഖ് മിശ്അൽ അൽ അഹമ്മദ്അൽ ജാബിർ അൽ സബാഹ് ഒപ്പുവെച്ച ഉത്തരവ് കുവൈത്ത് പുറത്തിറക്കിയത്.അമീറിന് മുമ്പാകെ കിരീടാവകാശി ഭരണഘടനപരമായി സത്യപ്രതിജ്ഞ ചെയ്തു. മുൻഅമീർ ഷെയ്ഖ് നവാഫ് അൽ അഹമദ് അൽ ജാബർ അൽ സബാഹിന്റെ നിര്യാണത്തെ തുടർന്ന്അന്നത്തെ കിരീടാവകാശി ഷെയ്ഖ് മിഷാൽ അമീറായി ചുമതലയേറ്റതോടെയാണ് പുതിയകിരീടാവകാശിയെ തിരഞ്ഞെടുത്തത്. പിന്തുടർച്ചാവകാശ നിയമം അനുസരിച്ച്71കാരനായ ഷെയ്ഖ് സബാഹ് ആയിരിക്കും അടുത്ത അമീർ.

അൽ ഹമദ് അൽ സബാഹ് 2006 മുതൽ 2019 വരെ വിദേശകാര്യമന്ത്രിയും 2019മുതൽ 2022 വരെ പ്രധാനമന്ത്രിയുമായിരുന്നു. കോവിഡ് കാലത്ത്സ്വദേശികളെയും വിദേശികളെയും ചേർത്തുപിടിച്ച പ്രധാനമന്ത്രി എന്നനിലയിലാണ് ശൈഖ് സബാഹ് കൂടുതൽ അറിയപ്പെടുന്നത്. .അക്കാലത്ത് സ്വീകരിച്ചകരുതൽ, പ്രതിരോധ, സുരക്ഷാ നടപടികൾ വഴി ദുരിതവും മരണവും കുറയ്ക്കാനായി.

അഴിമതി കേസിൽ മുൻ പ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി, പ്രതിരോധമന്ത്രി,ആഭ്യന്തര മന്ത്രാലയം അണ്ടർ സെക്രട്ടറി തുടങ്ങി ഒട്ടേറെ പ്രമുഖരെജയിലിലടച്ചതും ഇദ്ദേഹത്തിന്റെ കാലത്താണ്.

# എക്സിറ്റ് പോൾ പ്രവചനങ്ങൾ തെറ്റിച്ച ജനവിധി

രാജ്യത്തെ എല്ലാ മാധ്യമങ്ങളും പ്രവചിച്ച എക്സിറ്റ് പോൾ ഫലങ്ങൾ തെറ്റിച്ച മറ്റൊരു ജനവിധി, 2024 ലോക്സഭ തിരഞ്ഞെടുപ്പിനെ കാലം ഓർക്കുന്നത് ഇങ്ങനെയാകും. അധികാരം അത്ര അകലെ അല്ലെങ്കിലും ഘടകകക്ഷികളെ കാര്യമായി പരിഗണിക്കാതെ ബിജെപിയ്ക്ക് പാർലമെന്റിൽ അധികാരം നേടാനാവില്ല.

## ഇത്തവണ 400 ഇല്ല

'അബ്കി ബാർ ചാർസോ പാർ (ഇത്തവണ 400)'. . . ബിജെപി ഒറ്റയ്ക്ക് ഭരിക്കാനുള്ള ഭൂരിപക്ഷമായ 272 സീറ്റും, എൻഡിഎ മുന്നണി 400 സീറ്റും എന്നിതിൽ നിന്ന് ഉരുത്തിരിഞ്ഞ 400 പാർ മുദ്രാവാക്യങ്ങളായിരുന്നു ഈ തിരഞ്ഞെടുപ്പിലെങ്ങും അലയടിച്ചത്. എന്നാൽ 3.45 ലെ ട്രെൻഡ് അനുസരിച്ച് ബിജെപി 295 സീറ്റുകളിലും എൻഡിഎ 231 സീറ്റുകളിലും ലീഡ് ചെയ്യുന്നു.

# ഗുജറാത്തിൽ 2009നു ശേഷം സീറ്റ് നേടി കോൺഗ്രസ്

ഗാന്ധിനഗർ: ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി മുഴുവൻ സീറ്റുകളും നേടും എന്ന് പ്രതീക്ഷിച്ചിരുന്ന ഗുജറാത്തിൽ ഒരു സീറ്റ് പിടിച്ചെടുത്ത് കോൺഗ്രസ്.

ബാണസ്കന്ത മണ്ഡലത്തിലാണ് കോൺഗ്രസ് വിജയിച്ചത്. ജെനിബെൻ താക്കൂറാണ് ബാണസ്കന്തയിൽ വിജയിച്ച സ്ഥാനാർഥി. 30, 000ത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്.

രേഖ ചൗധരിയായിരുന്നു മണ്ഡലത്തിലെ ബിജെപി സ്ഥാനാർഥി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബിജെപിയുടെ പർഭത്ത്ഭായ് പട്ടേൽ മൂന്നരലക്ഷത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ച മണ്ഡലമാണ് ബാണസ്കന്ത.

2009ൽ 11 സീറ്റുകളിൽ കോൺഗ്രസ് വിജയിച്ചിരുന്നു. എന്നാൽ 2014ലും 2019ലും ഗുജറാത്തിൽ നിന്ന് കോൺഗ്രസിന് ഒരു സീറ്റും ലഭിച്ചിരുന്നില്ല. എക്സിറ്റ് പോളുകളിൽ മിക്ക ഏജൻസികളും ബിജെപി മുഴുവൻ സീറ്റുകളിലും വിജയിക്കുമെന്ന് പ്രവചിച്ചിരുന്ന സംസ്ഥാനമാണ് ഗുജറാത്ത്.

# ഹയർസെക്കൻഡറി വിഭാഗം പ്രവേശനം ഇന്നുമുതൽ

ഹയർസെക്കൻഡറി (വൊക്കേഷണൽ) വിഭാഗം എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത കോഴ്സുകളിലേക്കുള്ള ഒന്നാംവർഷ ഏകജാലക പ്രവേശനത്തിനായുള്ള ഒന്നാം അലോട്ട്മെന്റ് www.v-h-sepor-ta-l.k-er-a-l-a.gov.in ൽ ജൂൺ 5 മുതൽ പ്രവേശനം സാധ്യമാകും വിധം പ്രസിദ്ധീകരിക്കും.v-h-sepor-ta-l ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫോൺ നമ്പറും പാസ്വേഡും നൽകി ലോഗിൻ ചെയ്ത് A-l-lo-tm-en-t R-e-su-l-t എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് അലോട്ട്മെന്റ് വിവരങ്ങൾ മനസിലാക്കുന്നതിനും അലോട്ട്മെന്റ് സ്ലിപ് ഡൗൺലോഡ് ചെയ്യുന്നതിനും കഴിയും.

ഒന്നാം അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ജൂൺ 5 മുതൽ ജൂൺ 7, വൈകിട്ട് നാലുവരെ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള സ്കൂളുകളിൽ പ്രവേശനം നേടാം. ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർഥികൾക്ക് സ്ഥിര പ്രവേശനം ആണ് ലഭിക്കുന്നത്. ഇവർക്ക് താത്കാലിക പ്രവേശനം അനുവദനീയമല്ല. താഴ്ന്ന ഓപ്ഷനിലാണ് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളതെങ്കിൽ ഉയർന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കാൻ കാത്തിരിക്കുന്നതിനായി വിദ്യാർത്ഥിക്ക് താത്കാലിക പ്രവേശനം നേടാം.

അലോട്ടമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർഥി ജൂൺ ഏഴിന് വൈകിട്ട് നാലിനു മുമ്പ് അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ റിപ്പോർട്ട് ചെയ്ത് സ്ഥിരമായോ താത്കാലികമായോ പ്രവേശനം നേടാതിരുന്നാൽ, പ്രവേശന പ്രക്രിയയിൽ നിന്നും പുറത്താകും.

# പാക്കിസ്ഥാനിൽ ആൾക്കൂട്ട ആക്രമണത്തിനിരയായ ക്രൈസ്തവൻ മരിച്ചു

ലാഹോർ: പാക്കിസ്ഥാനിൽ മതനിന്ദ ആരോപിച്ച് ആൾക്കൂട്ടം ആക്രമിച്ചു പരിക്കേൽപ്പിച്ച ക്രൈസ്തവ വയോധികൻ മരിച്ചു.

ലാസർ മസിഹ് എന്നറിയപ്പെടുന്ന നസീർ മസിഹ് ആണു നിഷ്ഠുര ആക്രമണത്തിനിരയായി മരിച്ചത്. പഞ്ചാബിലെ സർഗോധ ജില്ലയിലെ മുജാഹിദ് കോളനിയിൽ മേയ് 25നായിരുന്നു ക്രിസ്ത്യാനികൾ ആക്രമിക്കപ്പെട്ടത്.

തീവ്ര മുസ്‌ലിം സംഘടനയായ തെഹ്‌രീക്ഇലബ്ബായ്ക് പാക്കിസ്ഥാൻ(ടിഎൽപി) പ്രവർത്തകരാണ് ആക്രമണം നടത്തിയത്. രണ്ടു ക്രിസ്ത്യാനികൾക്കും പത്തു പോലീസുകാർക്കും ആക്രമണത്തിൽ പരിക്കേറ്റിരുന്നു. ക്രിസ്ത്യാനികളുടെ വീടുകളും സ്വത്തുക്കളും അക്രമികൾ നശിപ്പിച്ചു.

ഖുറാൻ അശുദ്ധമാക്കി എന്നതാണ് ലാസർ മസിഹിനെതിരേ മുസ്‌ലിം തീവ്രവാദ സംഘടന ആരോപിച്ച കുറ്റം. ലാസറിനെ ഇടിക്കുകയും തൊഴിക്കുകയും ചെയ്ത അക്രമികൾ കല്ലെറിയുകയും ചെയ്തു. ലാസറിൻറെ ഷൂ ഫാക്ടറിക്കും വീടിനും തീവച്ച അക്രമിസംഘം സമീപത്തെ നിരവധി വീടുകളും തകർത്തു.

ഖുറാൻ അശുദ്ധമാക്കിയെന്ന അക്രമികളുടെ വാദം ലാസറിൻറെ കുടുംബാംഗങ്ങൾ നിഷേധിച്ചു. ലാസറിനെ കൊല്ലുകയായിരുന്നു ആൾക്കൂട്ടത്തിൻറെ ഉദ്ദേശ്യമെന്നു ബന്ധു ഇർഫാൻ ഗിൽ മസിഹ് പറഞ്ഞു.

വൻ പോലീസ് സംഘമെത്തിയാണ് ലാസറിനെയും പത്തു ക്രിസ്ത്യാനികളെയും അക്രമികളിൽനിന്നു മോചിപ്പിച്ച് ആശുപത്രിയിലെത്തിച്ചത്. സർഗോധയിലെ കംബൈൻഡ് മിലിട്ടറി ഹോസ്പിറ്റലിൽ (സിഎംഎച്ച്) ചികിത്സയിലായിരുന്ന ലാസർ മസിഹ് ഞായറാഴ്ച മരിച്ചു. സംസ്കാരം സർഗോധയിൽ നടത്തും.

ക്രൈസ്തവരെ ആക്രമിച്ച കേസിൽ 140 പേരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. 450 പേർക്കെതിരേ തീവ്രവാദം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി കേസെടുത്തു.

ലാസർ മസിഹിൻറെ ഷൂ ഫാക്ടറിയുടെ വെളിയിൽ ഖുറാൻറെ ഏതാനും പേജുകൾ കണ്ടെത്തിയതാണ് ആൾക്കൂട്ടത്തിൻറെ പ്രകോപനത്തിനു കാരണമെന്ന് എഫ്ഐആറിൽ പറയുന്നു. പാക്കിസ്ഥാനിൽ മതനിന്ദ ആരോപിച്ച് ക്രൈസ്തവ, ഹിന്ദു ന്യൂനപക്ഷങ്ങൾക്കെതിരേ നിരന്തരം ആക്രമണമുണ്ടാകുന്നു.

കഴിഞ്ഞവർഷം ഫൈസലാബാദ് ജില്ലയിലെ ജരൻവാല താലൂക്കിൽ 24 ക്രിസ്ത്യൻ പള്ളികളും 80 വീടുകളും ജനക്കൂട്ടം തീവച്ചു നശിപ്പിച്ചിരുന്നു. ഖുറാൻ അശുദ്ധമാക്കിയെന്നായിരുന്നു അന്നും ആരോപണം.

# ലീഡ് കുറഞ്ഞ് മോദി, രാഹുലിന് വൻ ഭൂരിപക്ഷം

ലക്നോ: ലോക്‌സഭ തെരഞ്ഞെടുപ്പിൽ യുപിയിൽ ജനവിധി തേടിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കഴിഞ്ഞ തവണത്തേക്കാൾ ഭൂരിപക്ഷം കുറഞ്ഞപ്പോൾ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വൻ ഭൂരിപക്ഷം. കഴിഞ്ഞ തവണ യുപിയിൽ പരാജയപ്പെട്ട രാഹുലാണ് ഇത്തവണ വൻ ഭൂരിപക്ഷത്തിൽ വിജയിച്ചു കയറിയത്.

വാരണാസിയിൽനിന്നും ജനവിധി തേടിയ പ്രധാനമന്ത്രി വിജയിച്ചെങ്കിലും ഭൂരിപക്ഷം കുത്തനെ കുറഞ്ഞത് വിജയത്തിൻറെ തിളക്കം കെടുത്തി. കഴിഞ്ഞ തവണ നാലരലക്ഷത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ച മോദിക്ക് ഇത്തവണ നേടാനായത് ഒന്നരലക്ഷത്തിലധികം വോട്ടുകളുടെ മാത്രം ഭൂരിപക്ഷമാണ്.

മോദിക്ക് ശക്തമായ വെല്ലുവിളിയാണ് കോൺഗ്രസ് സ്ഥാനാർഥി അജയ് റായ് ഉയർത്തിയത്. ഒരു ഘട്ടത്തിൽ പതിനായിരം വോട്ടുകൾക്ക് നരേന്ദ്ര മോദി പിന്നിൽ പോയിരുന്നു. അഞ്ച് ലക്ഷത്തിലധികം വോട്ടുകൾക്ക് വിജയിക്കും എന്ന ബിജെപിയുടെ പ്രതീക്ഷകളാണ് തെറ്റിയത്.

അതേസമയം റായ്ബറേലിയിൽനിന്നും ജനവിധിതേടിയ രാഹുൽ ഗാന്ധി നാല് ലക്ഷത്തിനടുത്ത് വോട്ടുകൾക്കാണ് വിജയിച്ചത്. ബിജെപിയുടെ ദിനേഷ് പ്രതാപ് സിംഗാണ് രണ്ടാമതെത്തിയത്. വയനാട്ടിലും വൻ ഭൂരിപക്ഷത്തിലാണ് രാഹുൽ വിജയിച്ചത്. ഉത്തർപ്രദേശിൽ കഴിഞ്ഞ തവണ റായ്ബറേലിയിൽ മാത്രം വിജയിച്ച കോൺഗ്രസ് ഇത്തവണ ആറ് സീറ്റുകളിലാണ് മുന്നേറുന്നത്. കഴിഞ്ഞ തവണ രാഹുൽ പരാജപ്പെട്ട അമേഠി സീറ്റും ഇത്തവണ കോൺഗ്രസ് തിരിച്ചുപിടിച്ചു. കോൺഗ്രസ് സ്ഥാനാർഥി കിഷോരിലാൽ ഒന്നരലക്ഷത്തിലധികം വോട്ടുകൾക്കാണ് കേന്ദ്രമന്ത്രി സ്മൃതി ഇറാനിയെ തോൽപ്പിച്ചത്.

# ലണ്ടനിൽനിന്ന് 100 ടൺ സ്വർണം തിരികെയെത്തിച്ച് ഇന്ത്യ

മുംബൈ: ബ്രിട്ടനിൽ സൂക്ഷിച്ചിരുന്ന 100 ടൺ സ്വർണം ഇന്ത്യയിൽ തിരികെയെത്തിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ). 1991ലെ സാന്പത്തിക പ്രതിസന്ധിക്കാലത്തിനുശേഷം ഇന്ത്യ നടത്തുന്ന ഏറ്റവും വലിയ സ്വർണം പിൻവലിക്കലാണിത്. ബാങ്ക് ഓഫ് ഇംഗ്ലണ്ടിലെ ലോക്കറിലുണ്ടായിരുന്ന സ്വർണമാണിത്.

കഴിഞ്ഞ സാന്പത്തിക വർഷത്തിൽ ഇന്ത്യയുടെ സ്വർണശേഖരത്തിൽ 27.46 ടണ്ണിൻറെ വർധനയുണ്ടായി. ഇതിൽ 24 ടണ്ണും കഴിഞ്ഞ മാർച്ച്ഏപ്രിൽ മാസങ്ങളിൽ വാങ്ങിയതാണ്. 2023 സാന്പത്തികവർഷത്തിൽ 16 ടൺ മാത്രമാണ് ഇന്ത്യ വാങ്ങിയത്. ഔദ്യോഗിക കണക്കുപ്രകാരം നിലവിൽ 822 ടണ്ണാണ് ഇന്ത്യയുടെ സ്വർണശേഖരം.

നേരത്തേ, ഇന്ത്യയുടെ സ്വർണശേഖരത്തിൻറെ ഭൂരിഭാഗവും വിദേശത്താണു സൂക്ഷിച്ചിരുന്നത്. 100 ടൺ തിരിച്ചുകൊണ്ടുവന്നതോടെ ഇന്ത്യയിൽ സൂക്ഷിച്ചിരിക്കുന്ന ആകെ സ്വർണത്തിൻറെ അളവ് 408 ടണ്ണായി. ഇപ്പോൾ വിദേശത്തും സ്വദേശത്തും ഇന്ത്യ സൂക്ഷിച്ചിരിക്കുന്ന സ്വർണം ഏറെക്കുറെ തുല്യമാണ്. 413.79 ടൺ സ്വർണമാണ് ഇപ്പോൾ ഇന്ത്യയുടേതായി വിദേശത്തുള്ളതെന്നു റിസർവ് ബാങ്ക് വ്യാഴാഴ്ച പുറത്തുവിട്ട വാർഷിക റിപ്പോർട്ടിൽ പറയുന്നു.ബ്രിട്ടനിൽനിന്നു സ്വർണം പിൻവലിച്ചെങ്കിലും ബാങ്ക് ഓഫ് ഇംഗ്ലണ്ടിലും മറ്റു രാജ്യങ്ങളിലും ഇന്ത്യ സ്വർണം ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ടെന്നാണു സൂചന. സാന്പത്തിക അവലോകന നടപടികളുടെ ഭാഗമായും വിദേശനിക്ഷേപം കൂടിവരുന്ന സാഹചര്യം കണക്കിലെടുത്തുമാണ് സ്വർണം രാജ്യത്തേക്കു തിരിച്ചെത്തിച്ചതെന്നാണ് ആർബിഐ വൃത്തങ്ങൾ നൽകുന്ന സൂചന. സമീപഭാവിയിൽ കൂടുതൽ സ്വർണം രാജ്യത്തു തിരിച്ചെത്തിക്കാനുള്ള സാധ്യതയും നിരീക്ഷകർ പ്രവചിക്കുന്നു.

സാന്പത്തികപ്രതിസന്ധി മറികടക്കാനായി 1991ൽ അന്നത്തെ ചന്ദ്രശേഖർ സർക്കാർ ഐഎംഎഫിൽ 47 ടൺ സ്വർണം പണയംവച്ചിരുന്നു. പിന്നീട്, സാന്പത്തികരംഗം ശക്തി പ്രാപിച്ചതോടെ വിദേശത്ത് ഇന്ത്യ നിക്ഷേപങ്ങൾ ആരംഭിച്ചു. 2010ൽ അന്നത്തെ മൻമോഹൻ സിംഗ് സർക്കാരിൻറെ കാലത്ത് ഐഎംഎഫിൽനിന്ന് ഇന്ത്യ 200 ടൺ സ്വർണം വാങ്ങി.

പിന്നീടുള്ള ഓരോ വർഷവും ഈ നിക്ഷേപം തുടർന്നു. 2023ൽ ഇന്ത്യയുടെ സ്വർണനിക്ഷേപം 794.6 ടണ്ണും 2024ൽ 822.1 ടണ്ണുമായി. വില കുത്തനെ വർധിക്കുകയാണെങ്കിലും, 2019 മാർച്ചിനുശേഷം ഇന്ത്യ 204 ടൺ സ്വർണം നിക്ഷേപത്തോടു കൂട്ടിച്ചേർത്തിട്ടുണ്ട്.

# റാഫയിൽനിന്നു പലായനം ചെയ്തത് 10 ലക്ഷത്തിലധികം ആളുകൾ

ദുബായ്: ഗാസ നഗരമായ റാഫയിൽനിന്നു 10 ലക്ഷത്തിലധികം ആളുകൾ പലായനം ചെയ്തതായി ഐക്യരാഷ്ട്ര സംഘടനയുടെ പലസ്തീൻ അഭയാർഥി ഏജൻസി. മൂന്നാഴ്ചയ്ക്കിടെയാണ് 10 ലക്ഷത്തിലധികം ആളുകൾ നഗരത്തിൽനിന്നു പലായനം ചെയ്തതെന്ന് യുഎൻആർഡബ്ല്യുഎ പറയുന്നു.

മേയ് മാസം മുതൽ റാഫയിൽ ഇസ്രയേൽ ആക്രമണം നടത്തിവരികയായിരുന്നു. കരയുദ്ധം ആരംഭിച്ചതോടെ റാഫയിൽനിന്നു മാറണമെന്ന് ഇസ്രയേൽ സൈന്യം ആവശ്യപ്പെട്ടിരുന്നു. ഇസ്രയേൽ ആക്രമണം പലസ്തീൻറെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആളുകൾ അഭയാർഥികളായി റഫയിലേക്ക് എത്തുകയായിരുന്നു.

തങ്ങൾ പോകുന്നിടത്തെല്ലാം ഇസ്രയേലിൻറെ ആക്രമണത്തിന് ഇരയാകുന്നതായി പലായനം ചെയ്യുന്നവർ പരാതിപ്പെടുന്നു. ഖാൻയൂനിസിൽ യുദ്ധം തകർത്ത കെട്ടിടങ്ങളിലും മറ്റും ഇപ്പോഴും ആയിരക്കണക്കിന് കുടുംബങ്ങൾ പാർക്കുന്നുണ്ടെന്ന് ഏജൻസി പറയുന്നു. ഖാൻയൂനിസിലെ അവസ്ഥ പറഞ്ഞറിയിക്കാനാവില്ലെന്ന് ഏജൻസി കൂട്ടിച്ചേർത്തു.

# പുതിയ വിദ്യാഭ്യാസ ചട്ടക്കൂടുമായി സൗദി അറേബ്യ; ഇസ്രയേൽ വിരുദ്ധ പരാമർശങ്ങൾ പാഠപുസ്തകങ്ങളിൽനിന്നു നീക്കി

റിയാദ്: സ്കൂൾ പാഠപുസ്തകങ്ങളിലെ ഇസ്രയേൽ വിരുദ്ധ, യഹൂദ വിരുദ്ധ ഭാഗങ്ങൾ നീക്കി സൗദി അറേബ്യ. സഹിഷ്ണുത, സമാധാനം, വിശാല സമത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസ ചട്ടക്കൂടിലേക്ക് പാഠ്യപദ്ധതിയെ മാറ്റുന്നതിനുള്ള മറ്റൊരു ചുവടുവയ്പാണ് ഈ നീക്കം.

അന്താരാഷ്ട്ര ഗവേഷണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മോണിറ്ററിംഗ് പീസ് ആൻഡ് കൾച്ചറൽ ടോളറൻസ് ഇൻ സ്കൂൾ എഡ്യൂക്കേഷൻ(ഇംപ്കാക്ട്സെ) നടത്തിയ പഠനത്തിലാണ് സൗദി പാഠ്യപദ്ധതിയിൽ ഇസ്രായേൽ വിരുദ്ധ ഉള്ളടക്കത്തിൽ പ്രകടമായ കുറവ് കണ്ടെത്തിയത്. പാഠപുസ്തകങ്ങളിൽ ഇപ്പോൾ സയണിസം (യഹൂദർ തങ്ങളുടെ വാഗ്ദത്തഭൂമിയായി കരുതുന്ന പലസ്തീനിൽ ഒരു സ്വതന്ത്ര ജൂതരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്ന രാഷ്ട്രീയമുന്നേറ്റം) ഒരു വംശീയ യൂറോപ്യൻ പ്രസ്ഥാനമാണെന്ന കാര്യമോ 3,000 വർഷം പഴക്കമുള്ള ഈ പ്രദേശത്തെ ചരിത്രപരമായ ജൂത സാന്നിധ്യമോ നിഷേധിക്കുന്നില്ല. കൂടാതെ, പാഠപുസ്തകങ്ങളിൽ ഇസ്രയേലിനെക്കുറിച്ചുള്ള ശത്രുതാപരമായ പരാമർശങ്ങൾ പരിഷ്കരിച്ചിട്ടുമുണ്ട്.

പാഠപുസ്തകങ്ങളിൽനിന്ന് പലസ്തീൻ മാപ്പ് പിൻവലിക്കുകയും ചെയ്തു. വർഷങ്ങളായി നിലനിന്നിരുന്ന ജിഹാദിൻറെ അവശേഷിക്കുന്ന എല്ലാ അക്രമാസക്തമായ വ്യാഖ്യാനങ്ങളും ഈ വർഷത്തെ പാഠപുസ്തകങ്ങളിൽനിന്നു നീക്കം ചെയ്യുകയോ മാറ്റുകയോ ചെയ്തിട്ടുണ്ടെന്നും പഠനം ചൂണ്ടിക്കാട്ടി.

സ്വവർഗാനുരാഗത്തെ 'ഭീകരമായ ക്രൂരത' അല്ലെങ്കിൽ എതിർലിംഗത്തെ അനുകരിക്കുന്നത് സാധാരണത്വത്തിൽനിന്നുള്ള വ്യതിചലനമാണെന്ന് അവകാശപ്പെടുന്ന പരാമർശങ്ങളും നീക്കം ചെയ്തു. ലിംഗപരമായ വേഷങ്ങളോടുള്ള പരമ്പരാഗത സമീപനം നിലനിർത്തിക്കൊണ്ടുതന്നെ സ്ത്രീകളെക്കുറിച്ച് ചിത്രീകരിക്കുന്ന ഭാഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതിയുള്ളതായും പഠനം വെളിപ്പെടുത്തി.

പാഠപുസ്തകങ്ങളിൽനിന്ന് യഹൂദവിരുദ്ധവാദങ്ങൾ നീക്കം ചെയ്ത സൗദി പാഠ്യപദ്ധതി വിദഗ്ധർ ഇസ്രായേലിനെ കൂടുതൽ പോസിറ്റീവായി ചിത്രീകരിക്കുന്ന കൂടുതൽ പരിഷ്കാരങ്ങൾ നടത്തിയത് പ്രോത്സാഹജനകമാണെന്നും ഈ മാറ്റങ്ങൾ പ്രദേശത്തിൻറെ മൊത്തത്തിലുള്ള ശുഭകരമായ ഭാവിയിലേക്കുള്ള സൂചകമാണെന്നും ഇംപ്കാക്ട്സെ സിഇഒ മാർക്കസ് ഷെഫ് പറഞ്ഞു.

സൗദിഇസ്രയേൽ ബന്ധം ഊഷ്മളമാക്കുന്നതിന് അമേരിക്കയുടെ നേതൃത്വത്തിൽ നീക്കം നടന്നുകൊണ്ടിരിക്കെയാണ് പാഠ്യപദ്ധതിയിൽ വലിയ മാറ്റം കൊണ്ടുവന്നിരിക്കുന്നത്. ഒക്ടോബർ ഏഴിലെ ഹമാസ് ആക്രമണവും തുടർന്നുണ്ടായ ഹമാസ്ഇസ്രയേൽ യുദ്ധത്തിനിടയിലും ചർച്ചകൾ മുന്നോട്ടുപോകുകയാണ്.

സൗദിയും ഇസ്രയേലും തമ്മിലുള്ള ഇത്തരമൊരു സൗഹൃദകരാർ അട്ടിമറിക്കുന്നതിൻറെ ഭാഗമായാണ് ഹമാസ് ഒക്ടോബർ ഏഴിന് ഇസ്രയേലിൽ വലിയതോതിലുള്ള ആക്രമണം നടത്തിയതെന്നും നിഗമനമുണ്ട്.



# എതിരാളികളെ നിഷ്പ്രഭരാക്കിയ വമ്പൻ വിജയവുമായി രാഹുലും ഹൈബിയും, വിയർത്തുനേടി അടൂർ പ്രകാശ്

എതിരാളികളെ നിഷ്പ്രഭരാക്കിക്കൊണ്ടുള്ള വമ്പൻ ഭൂരിപക്ഷത്തിലുള്ള വിജയം ഏതൊരു സ്ഥാനാർഥിയുടേയും സ്വപ്നമാണ്. ഇക്കുറി രണ്ടുലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷവുമായി കേരളത്തിൽ തിളക്കമേറിയ വിജയം സ്വന്തമാക്കിയിരിക്കുന്നത് നാല് സ്ഥാനാർഥികളാണ്. അതിൽ മുന്നിൽ രാഹുൽ ?ഗാന്ധിയും.

കഴിഞ്ഞതവണയും ഭൂരിപക്ഷത്തിന്റെ റെക്കോഡ് സ്വന്തം പേരിലാക്കിയത് രാഹുൽ ?ഗാന്ധി തന്നെ. രാജ്യം മുഴുവൻ ഉറ്റുനോക്കിയ മത്സരത്തിനൊടുവിൽ 4,31,770 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് 2019ൽ രാഹുൽ ?ഗാന്ധി വയനാട് സ്വന്തമാക്കിയത്. 7,06,367 വോട്ടുകളാണ് രാഹുൽ കഴിഞ്ഞതവണ നേടിയത്. ഇക്കുറി പക്ഷേ ഭൂരിപക്ഷം മെച്ചപ്പെടുത്താൻ രാഹുലിന് സാധിച്ചിട്ടില്ല. 3,644,22 മാണ് രാഹുലിന്റെ ഭൂരിപക്ഷം, സ്വന്തമാക്കിയത് 6,47,445 വോട്ടുകൾ. രാഹുലിനെതിരെ മത്സരിച്ച എൽ.ഡി.എഫിന്റെ ആനി രാജ 2,83,023 വോട്ടുകളും എൻ.ഡി.എയുടെ കെ സുരേന്ദ്രൻ 1,41,045 വോട്ടുകളും സ്വന്തമാക്കി.

2019ലെ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷത്തിന്റെ കാര്യത്തിൽ കേരളത്തിൽ രാഹുലിന് തൊട്ടുപിന്നിലെത്തിയത് മുസ്ലിം ലീ?ഗിന്റെ പി.കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു. ഭൂരിപക്ഷം 2,60,153. മലപ്പുറത്ത് മത്സരിച്ച കുഞ്ഞാലിക്കുട്ടി 5,89,873 വോട്ടുകളും സ്വന്തമാക്കി.

രാഹുലിനേയും കുഞ്ഞാലിക്കുട്ടിയേയും കൂടാതെ പൊന്നാനിയിൽ ഇ.ടി മുഹമ്മദ് ബഷീർ, ആലത്തൂരിൽ ?രമ്യ ഹരിദാസ്, ചാലക്കുടിയിൽ ബെന്നി ബെ?ഹന്നാൻ, എറണാകുളത്ത് ഹൈബി ഈഡൻ, ഇടുക്കിയിൽ ഡീൻ കുര്യാക്കോസ്, കോട്ടയത്ത് തോമസ് ചാഴിക്കാടൻ, കൊല്ലത്ത് എൻ.കെ പ്രേമചന്ദ്രൻ എന്നിവർ 2019ൽ ഒരുലക്ഷത്തിന് മുകളിൽ ഭൂരിപക്ഷത്തിന്റെ വിജയം സ്വന്തമാക്കിയിരുന്നു. 99,989 വോട്ടിന്റെ ഭൂരിപക്ഷവുമായി ശശി തരൂരും കരുത്ത് കാട്ടി. 20ൽ ഒൻപതിടത്തും വിജയിച്ചവരുടെ ഭൂരിപക്ഷം ഒരുലക്ഷത്തിന് മുകളിൽ. ഇത്തവണ അതൊരല്പം കൂടി. ഒരുലക്ഷത്തിന് മുകളിൽ ഭൂരിപക്ഷം നേടിയത് പത്തുപേർ.

2024 ലോക്‌സഭ തിരഞ്ഞെടുപ്പിൽ കേരളത്തിൽ ഭൂരിപക്ഷത്തിന്റെ കാര്യത്തിൽ രാഹുലിന് തൊട്ടുപിന്നിലുള്ളത് അബ്ദുസമദ് സമദാനിയും ഇ.ടി. മുഹമ്മദ് ബഷീറും ഹൈബി ഈഡനുമാണ്. മലപ്പുറത്ത് മൂന്നു ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ഇ.ടി. മുഹമ്മദ് ബഷീർ വിജയം സ്വന്തമാക്കിയത്. പൊന്നാനിയിൽ അബ്ദുസമദ് സമദാനി രണ്ടരലക്ഷത്തോളം ഭൂരിപക്ഷത്തിന്റെ വിജയം നേടി.

എറണാകുളം ലോക്‌സഭാ മണ്ഡലത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷത്തോടെയുള്ള വിജയമാണ് ഹൈബി ഈഡൻ സ്വന്തമാക്കിയിരിക്കുന്നത്. എതിർ സ്ഥാനാർഥിയായ എൽഡിഎഫിന്റെ കെ.ജെ. ഷൈനിന് ലഭിച്ച ആകെ വോട്ടിനേക്കാൾ ലീഡ് ഹൈബി നേടി. 2,50,385 വോട്ടിന്റെ ഭൂരിപക്ഷം ഹൈബി കുറിച്ചപ്പോൾ രണ്ടാമതെത്തിയ ഷൈനിന് കിട്ടിയ 2,31,932 വോട്ടുകൾ.

2019ൽ 1,69,153 വോട്ടിന്റെ ഭൂരിപക്ഷമാണ് ഹൈബി സ്വന്തമാക്കിയത്. ഇതുവരെ എറണാകുളം മണ്ഡലത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷം അതായിരുന്നു. ഇക്കുറി സ്വന്തം പേരിലുള്ള റെക്കോഡ് തന്നെ ഹൈബി തിരുത്തിയെഴുതിക്കൊണ്ടാണ് ചരിത്രവിജയം സ്വന്തമാക്കിയത്. അക്കുറി എൽഡിഎഫ് സ്ഥാനാർഥി പി രാജീവ് 322110 വോട്ട് സ്വന്തമാക്കിയപ്പോൾ ഹൈബി ഈഡൻ നേടിയത് 491263 വോട്ടുകളായിരുന്നു.

# മണിപ്പൂർ കലാപഭൂമിയിൽ നിന്നെത്തിയ 47 കുട്ടികൾക്ക് തിരുവല്ലയിലെ സ്കൂളുകളിൽ പ്രവേശനം

തിരുവല്ല: മണിപ്പൂരിലെ കലാപഭൂമിയിൽനിന്ന് 47 കുട്ടികൾക്ക് ഇരുവെള്ളിപ്ര, തിരുമൂലപുരം സ്കൂളുകളിലായി പ്രവേശനം നൽകി.

മലങ്കര കത്തോലിക്കാ സഭ കോർപറേറ്റ് മാനേജ്മെൻറിലെ ഇരുവെള്ളിപ്ര സെൻറ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലും ബഥനി സിസ്റ്റേഴ്സ് മാനേജ്മെൻറിലെ തിരുമൂലവിലാസം യുപി കൂളിലുമായാണ് 33 ആൺകുട്ടികളും 14 പെൺകുട്ടികളും പ്രവേശനം നേടിയത്. ഇവരിൽ മിക്കവരുടെയും രക്ഷിതാക്കൾ കലാപത്തിൽ മരണപ്പെട്ടവരാണ്.

മണിപ്പൂരിലെ ചാന്തൽ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും മനയ്ക്കച്ചിറ സത്യം മിനിസ്ട്രീസിൻറെ നേതൃത്വത്തിലാണ് കുട്ടികളെ ഇവിടെ എത്തിച്ചത്. കുട്ടികൾ മനയ്ക്കച്ചിറയിലെ ഹോസ്റ്റലിൽ താമസിക്കും. ഇവരുടെ പഠനച്ചെലവ് സ്കൂൾ അധികൃതർ വഹിക്കും. തിരുമൂലവിലാസം സ്കൂളിലെ ആറ്, ഏഴ് ക്ലാസുകളിലായി എട്ട് കുട്ടികൾക്കു പ്രവേശനം നൽകി.

സെൻറ് തോമസ് സ്കൂളിലെ എട്ടാം ക്ലാസിൽ 19,ഒൻപതാം ക്ലാസിൽ ഒന്പത്, പത്താം ക്ലാസിൽ 11 കുട്ടികൾ വീതം പ്രവേശനം നേടി. മലയാള ഭാഷ അറിയാത്തതിനാൽ കുട്ടികൾക്ക് ആശയവിനിമയം നടത്താൻ ബുദ്ധിമുട്ടുണ്ട്. എന്നാൽ ചില കുട്ടികൾക്ക് ഇംഗ്ലീഷ് വശമുണ്ട്. പ്രവേശനോത്സവത്തിൽ പങ്കെടുത്ത കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ അഭിപ്രായങ്ങൾ പങ്കുവച്ചു.

പ്രത്യാശയുടെ തിരിതെളിച്ച് അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു.

ഡിവൈഎസ്പി എസ്. അഷാദ് മുഖ്യപ്രഭാഷണം നടത്തി. കോർപറേറ്റ് മാനേജർ ഫാ. മാത്യു പുനക്കുളം അധ്യക്ഷത വഹിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളും അതിലൂടെ പൊടിക്കുന്ന കോടികളും 3

ഒന്നാം പേജ് തുടർച്ച

ങ്ങനെ കൊടുക്കുന്ന പൈസ വിലക്കയറ്റത്തിലൂടെ തിരിച്ചു പിടിക്കുന്നു . ചുരുക്കതിൽ എല്ലാം അവസാനം എത്തുന്നത് പൊതു ജനത്തിൽ തന്നെ . ഇത് വിലക്കയറ്റം , രൂപയുടെ മൂല്യം ഇടിയുന്നു തുടങ്ങിയ സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു .ഇവിടെ പ്രധാന ചിന്താവിഷയം ഇത്തരം തിരഞ്ഞെദുപ്പു ഇന്ത്യാ മഹാരാജ്യത്തിന്റെ സാമ്പത്തിക നില തകർക്കുകയല്ലേ . തിരഞ്ഞെടുപ്പുകളുടെ രീതി മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു .

ആദ്യമായി ചെയ്യാവുന്ന കാര്യം ഒരു രജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന കാര്യം ആണ് . ചഉഅ മന്ത്രിസഭ അധികാരത്തിൽ കേറിയ സമയം മുതൽ നമ്മൾ കേൾക്കുന്ന കാര്യമാണ് . നമ്മളെല്ലാവരും വളരെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു പ്രഖ്യാപനമാണിത് . ഇത് നടപ്പിലാക്കുന്നതുവഴി ഗവണ്മെന്റ് നടത്തുന്ന ചിലവ് വളരെയധികം കുറയും . അതുവഴി നിയമസഭാ തിരഞ്ഞെടുപ്പിനുവേണ്ടി സർക്കാർ സ്ഥാപനങ്ങളും സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളുടെയും ചിലവ് ഒഴിവാക്കാം അതുവഴി 15000 കോടി മുതൽ 20000 കോടി രൂപ വരെ ചെലവ് കുറയ്ക്കാം . പക്ഷേ പല സന്നർഭങ്ങളിലും നിയമസഭ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് പിരിച്ചുവിടേണ്ട സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട് . അത്തരം സാഹചര്യങ്ങളിൽ 6 മാസത്തിനുള്ളിൽ വീണ്ടും തിരഞ്ഞെടുപ്പ് നടത്തേണ്ട സാഹചര്യം ഉണ്ടാക്കുന്ന . പുനർ തിരഞ്ഞെടുപ്പിൽ പുതിയ മന്ത്രിസഭ ഉണ്ടായാൽ അവർക്കു കാലാവധി പൂർത്തിയാക്കുന്നതിനു വീണ്ടും 5 വര്ഷം കാത്തിരിക്കേണ്ടി വരും . അപ്പോഴേക്കും ലൊകസഭ യുടെ കാലാവധി പൂർത്തിയാക്കി തിരഞ്ഞെടുപ്പിന് സമയമാകും .

മാത്രമല്ല സ്വതന്ത്ര ഇന്ത്യ ആദ്യമായി തിരഞ്ഞെടുപ്പ് നേരിടുമ്പോൾ ഇന്ത്യയിൽ 25 സ്റ്റേറ്റ് ആയിരുന്നു മൊത്തം 489 മണ്ഡലങ്ങൾ . . അസം , ബീഹാർ , ബോംബെ , മദ്യ പ്രദേശ് , മദ്രാസ് , ഒറീസ്സ , പഞ്ചാബ് , ഉത്തർ പ്രദേശ് , രാജസ്ഥാൻ , സൗരാഷ്ട്ര , വെസ്റ്റ് ബംഗാൾ , ഹൈദ്രബാദ് , മധ്യ ഭാരത് , മൈസൂർ , പട്യാലയും ഈസ്റ്റ് പഞ്ചാബ് , ഡൽഹി , ഹിമാചൽ പ്രദേശ് , ട്രാവൻകോർ കൊച്ചിൻ , അജ്മെര്, ഭോപ്പാൽ , ബിലാസ്പൂർ , കൂർഗ് എന്നിവയായിരുന്നു ആ സ്റ്റേറ്റുകൾ . എന്നാല് ഇന്നത്തെ സ്ഥിതിയോ 28 സംസ്ഥാനങ്ങളിലും 8 യൂണിയൻ ടെറിറ്റോറിസിലുമാണ് ആണ് 543 മണ്ഡലങ്ങളിൽ തിരഞ്ഞെദുപ്പു നടക്കുന്നത് . 1952 ലെ പല സംസ്ഥാങ്ങളും വിഭജിക്കുകയും പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെടുകയും ചെയ്തപ്പോൾ അതാതു സംസ്ഥാനങ്ങളിൽ അതാതു സമയങ്ങളിൽ തിരഞ്ഞെടുപ്പ് നടന്നു . പല സംസ്ഥാനങ്ങളിലെയും മന്ത്രിസഭയുടെ കാലാവധി പല കാലഘട്ടങ്ങളിൽ തീരുന്നതിനാൽ അവയെപിരിച്ചുവിട്ടു ഏകീകൃത തിരഞ്ഞെടുപ്പ് നടത്തുവാൻ നിയമ ഭേദഗതികൾ അനിവാര്യമാണ് ഇതിന് രജ്യം ഭരിക്കുന്ന രാഷ്ട്രീയ കഴിക്ക് മൂന്നിൽ രണ്ടു ഭൂരിപക്ഷം ഇല്ലെങ്കിൽ നിയമ ഭേദഗതികൾ നടപ്പാക്കാൻ പ്രയാസമാണ് .

മറ്റൊന്ന് 1971 മുതലാണ് തിരഞ്ഞെടുപ്പുകളിൽ പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നത് . ഇതിൽ ചിലവുകൾക്കുള്ള നിയന്ത്രണങ്ങൾ വര്ഷവര്ഷം കൂട്ടുന്നു .ഇവിടെ ഓരോ മണ്ഡലത്തിലെയും സ്ഥാർത്ഥികളുടെ പേരും , ആവർ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ വിവരണവും , സ്ഥാനാർത്ഥികൾ രേഖപ്പെടുത്തിയ സത്യവാങ് , സാമ്പത്തിക വിവരണങ്ങൾ എന്നിവ ലഭ്യമാണ് . ഇന്ത്യൻ ഇലക്ഷന് കമ്മീഷൻ ഇത് വെബ് സൈറ്റിൽ പ്രസിദീകരിക്കുന്നുണ്ട് . ഇത് പത്രമാധ്യമങ്ങളിലും പ്രസിദീകരിക്കുക . വിദ്യാസമ്പന്നരായ ഇന്ത്യൻ സമ്മതിദായർക്കു ഈ വിവരണം ധരാളമാണ് . ഗ്രാമ പ്രദേശങ്ങളിലും പത്രത്തിലൂടെയോ വെബ് സൈറ്റിലൂടെയോ മനസ്സിലാക്കാൻ സാധിക്കാത്തവർക്കായി സർക്കാർ നേതൃത്വത്തിൽ സ്ഥാനാർത്ഥികളുടെ പേരും വിവരണങ്ങളും , അവർ പ്രതിനിതീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ പേരും ഓരോ സ്ഥാനാർത്ഥിയും സമർപ്പിപ്പിച്ചിട്ടുള്ള സ്വത്തു വിവരങ്ങൾ സത്യവാങ് ഇവയൊക്കെ അച്ചടിച്ച് അതാതു മണ്ഡലങ്ങളിലെ സമ്മതിദായകരുടെ വീടുകളിൽ എത്തിക്കുക . ഇത്രയും വിവരണത്തിൽ ആർക്കു വോട്ട് ചെയ്യണം എന്നത് സമ്മതിദായർക്കു മനസ്സിലാകും ബാക്കി തീരുമാനങ്ങൾ അവർക്കു വിട്ടുകൊടുക്കുക .. അപ്പോൾ സ്ഥാനാർത്ഥികൾക്ക് പ്രത്യേകിച്ച് ഒരു പ്രചാരണവും ആവശ്യമില്ല . കൂടുതലായി സ്ഥാനാർത്ഥികൾക്ക് സാധിക്കുമെങ്കിൽ വീടന്തോറും കയറി സമ്മതിദായകരെ നേരിട്ട് കണ്ട് വോട്ട് ചോദിക്കാം . അതും പ്രയാസമാണെങ്കിൽ ഓരോ സ്ഥാനാത്ഥിയും മേൽപ്പറഞ്ഞ വിവരങ്ങൾ ഇലക്ഷൻ കമ്മീഷനിൽ നിന്നും കൈപ്പറ്റി തങ്ങളുടെ അനുയായികൾ വഴി സമ്മതിദായർക് വീടുകളിൽ എത്തിക്കാം . ഓരോ വാർഡിലെയും പ്രവർത്തകർക്കു ഇത് ഏറ്റെടുത്തു നടപ്പിലാക്കാം . അനാവശ്യമായ ചിലവുകളെ നിയന്ത്രിക്കാൻ ഇത് സഹായിക്കും . പിരിവുകൾ കുറയും . അതിലൂടെ ഉണ്ടാക്കുന്ന വിലക്കയറ്റങ്ങൾ നിയന്ത്രണീതമാകും . ഈ അനാവശ്യ ചിലവുകളെ ഏകീകരിച്ചു എന്തെങ്കിലും വ്യാപാര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാം . നേരത്തെ സൂചിപ്പിച്ച താൽക്കാലിക ജോലിക്കു പകരം സ്ഥിരമായി കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭ്യമാകും. രാജ്യത്തിന്റെ സമ്പത് വ്യവസ്ഥക്ക് നൽകാവുന്ന ഏറ്റവും വലിയ മാതൃകയായി ഈ രജ്യം വളരും .

# യുപിയിലും മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും തിളങ്ങി ഇന്ത്യാ മുന്നണി

ന്യൂഡൽഹി: ലോക്സഭയിൽ പോരാട്ടം അവസാനഘട്ടത്തിലേക്കു കടക്കുമ്പോൾ ബിജെപി അക്കൗണ്ട് തുറന്നത് 250 സീറ്റുകൾക്കു താഴെ. അതേസമയം ബിജെപിയെ ഞെട്ടിച്ചുകൊണ്ട് ഉത്തർപ്രദേശിലും മഹാരാഷട്രയിലും തമിഴ്നാട്ടിൽ ഇന്ത്യാ മുന്നണി വിജയക്കൊടി പാറിക്കുകയാണ്. പശ്ചിമ ബംഗാളിലും ബിജെപിക്ക് കനത്ത തിരിച്ചടി



യാണ് നേരിട്ടത്. മഹാരാഷ്ട്രയിൽ 48 ലോകസഭ സീറ്റുകളിൽ 30 എണ്ണത്തിലും ഇന്ത്യാ മുന്നണി ലീഡ് ചെയ്യുന്നു. മറുവശത്ത് എൻഡിഎ 17 സീറ്റുകളിലാണ് ലീഡ് ചെയ്യുന്നത്. ഉത്തർപ്രദേശിലെ 80 ലോക്സഭാ സീറ്റുകളിലേക്കും വോട്ടെണ്ണൽ പുരോഗമിക്കുന്പോൾ കഴിഞ്ഞ രണ്ടു തെരഞ്ഞെടുപ്പുകളിൽ ബിജെപിയുടെ കോട്ട ഇപ്പോൾ ഇതിഹാസ പോരാട്ടത്തിനു സാക്ഷ്യം വഹിക്കുകയാണ്. എൻഡിഎ 37 സീറ്റുകളിൽ ലീഡ് ചെയ്യുന്പോൾ ഇന്ത്യാ മുന്നണി 42 സീറ്റുകളിലാണ് മുന്നേറുന്നത്. തമിഴ്നാട്ടിൽ എൻഡിഎയ്ക്ക് കനത്ത തിരിച്ചടിയാണ് നേരിട്ടത്.

സ്റ്റാലിൻറെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പിനെ നേരിട്ട ഇന്ത്യ മുന്നണി 39 സീറ്റുകളിൽ 38 സീറ്റുകളും നേടി. ഒരു സീറ്റ് മാത്രമാണ് എൻഡിഎയ്ക്ക് നേടാനായത്.

| | | |
|---|---|---|
| NDA | 75 | 219 |
| I.N.D.I.A. | 73 | 158 |
| Others | 3 | 15 |

## കാലിടറി വനിതകൾ

ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ അട്ടിമറി വിജയങ്ങൾക്കും അപ്രതീക്ഷിത തോൽവികൾക്കുമിടയിലൂടെ കേരളം ആ ചോദ്യം കൂടി മുന്നോട്ടുവെച്ചു, എവിടെ കേരളത്തിലെ വനിതാ സ്ഥാനാർഥികൾ? 20 ലോക്സഭാ സീറ്റുകളിലായി ഒമ്പത് വനിതാ സ്ഥാനാർഥികളാണ് മത്സരിച്ചത്. എന്നാൽ വിജയം ഇവർക്കെല്ലാം അകലെയായി. സിപിഎം കേന്ദ്ര കമ്മിറ്റിയംഗവും മട്ടന്നൂർ എംഎൽഎയുമായ കെ.കെ. ശൈലജയുടെ തോൽവിയായിരുന്നു ഇതിൽ ഏറ്റവും ചർച്ചയായത്.

കോൺഗ്രസിന്റെ യുവരക്തം ഷാഫി പറമ്പിൽ ഒരു ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വടകരയിൽ ശൈലജയെ തോൽപിച്ചത്. വയനാട്ടിൽ രാഹുൽ ഗാന്ധിക്കെതിരെ ഇടതുപക്ഷം രംഗത്തിറക്കിയ ആനി രാജയാണ് പിന്നീട് വാർത്തകളിൽ നിറഞ്ഞ സ്ഥാനാർഥി. 3,64,422 വോട്ടുകളുമായി രാഹുൽ വയനാട്ടിൽ വിജയം നേടിയപ്പോൾ 2,83,023 വോട്ടുകളുമായി ആനി രാജ തൊട്ടുപിന്നിലുണ്ടായിരുന്നു.

# ജനം മൂന്നാംതവണയും എൻ.ഡി.എയിൽ വിശ്വാസമർപ്പിച്ചു; ചരിത്രനിമിഷം മോദി

ന്യൂഡൽഹി: എൻ.ഡി.എയ്ക്ക് മൂന്നാം തവണയും വിജയം സമ്മാനിച്ചതിന് ജനങ്ങൾക്ക് നന്ദി പറയുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തുടർച്ചയായ മൂന്നാം തവണയും ജനം എൻഡിഎയിൽ വിശ്വാസമർപ്പിച്ചു. ഇന്ത്യയുടെ ചരിത്രത്തിലെ സുപ്രധാന നേട്ടമാണിത് അദ്ദേഹം എക്സിൽ കുറിച്ചു. ജനങ്ങളുടെ സ്നേഹത്തിന് മുന്നിൽ ശിരസ് നമിക്കുന്നു.


ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റാൻ കഴിഞ്ഞ പത്ത് വർഷമായി നടത്തിവന്ന നല്ല പ്രവർത്തനങ്ങൾ തുടരുമെന്ന് ഉറപ്പ് നൽകുന്നു. കഠിനാധ്വാനംചെയ്ത പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നു. അവർ നടത്തിയ പ്രവർത്തനത്തിന് നന്ദി പറയാൻ വാക്കുകളില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു.

ലോക്സഭാ തിരഞ്ഞെടുപ്പിൽ വാരണാസി മണ്ഡലത്തിൽനിന്ന് പ്രധാനമന്ത്രി മോദി ഒന്നരലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിന് വിജയിച്ചിരുന്നു. എന്നാൽ ഇന്ത്യ സഖ്യം വൻ മുന്നേറ്റമാണ് ഇത്തവണ നടത്തിയത്. തിരഞ്ഞെടുപ്പുഫലം പുറത്തുവന്നതിനിടെ പ്രവർത്തകർക്ക് നന്ദി പറഞ്ഞ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പോരാട്ടം അവസാനിച്ചിട്ടില്ലെന്നും ലക്ഷ്യത്തിൽ എത്തിയിട്ടില്ലെന്നും പറഞ്ഞിരുന്നു. ഭരണഘടനയെ സംരക്ഷിക്കാനുള്ള പോരാട്ടമാണ് നടത്തിയതെന്ന് കോൺഗ്രസ് പ്രവർത്തകർക്കും ഇന്ത്യ സഖ്യത്തിലെ പാർട്ടികളുടെ പ്രവർത്തകർക്കും നന്ദി പറഞ്ഞുകൊണ്ട് രാഹുൽഗാന്ധിയും പറഞ്ഞിരുന്നു. പിന്നാലെയാണ് പ്രധാനമന്ത്രി മോദിയുടെ പ്രതികരണം വരുന്നത്.

# ജനങ്ങൾ ഇക്കുറിയും കെ.സിയെ കൈവിട്ടില്ല

2019ലെ ഭൂരിപക്ഷത്തെ നിഷ്പ്രഭമാക്കി കെ.സി. വേണുഗോപാൽ. 2009ലും 2014ലും ഒപ്പം നിന്ന ജനങ്ങൾ ഇക്കുറിയും കെ.സിയെ കൈവിട്ടില്ല. എന്ത് വിലകൊടുത്തും മണ്ഡലം തിരിച്ചുപിടിക്കാനൊരുങ്ങിയ യു.ഡി.എഫ്. ക്യാമ്പിന് രണ്ടാമതൊരാളെക്കുറിച്ച് ചിന്തിക്കേണ്ടി വന്നില്ല. ജനകീയനായ കെ.സി. വേണു?ഗോപാലിനെ തന്നെ അവർ രം?ഗത്തിറക്കി. കൃത്യമായ ഇടവേളകളിൽ ലീഡ് ഉയർത്തി ഒരു നിമിഷംപോലും പിന്നോട്ട് പോകാതെ കെ.സി. തന്റെ ദൗത്യം പൂർത്തിയാക്കി. അന്തിമഫലം പുറത്തുവരുമ്പോൾ ഒരു വള്ളപ്പാടകലെ 63,513 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ആലപ്പുഴയിലെ ജനങ്ങളെ പ്രതിനിധീകരിച്ച് കെ.സി. പാർലമെന്റിലേക്ക്.

സി.പി.എമ്മിന് പോലും പ്രതീക്ഷയറ്റ മണ്ഡലം 2019ലെ ആശ്വാസത്തുരുത്തിൽ ഇക്കുറി സി.പി.എമ്മിന് പോലും പ്രതീക്ഷയുണ്ടായിരുന്നില്ല. അപ്രതീക്ഷിതമെന്ന് തോന്നിയേക്കാവുന്ന മലബാറിലെ പല സീറ്റുകളിലും വിജയിക്കുമെന്നുറപ്പിച്ച സംസ്ഥാ



ന സെക്രട്ടേറിയറ്റിന് പക്ഷേ ആലപ്പുഴയുടെ കാര്യത്തിൽ ആത്മവിശ്വാസമുണ്ടായില്ല. കഴിഞ്ഞ തവണത്തെ കൊടുങ്കാറ്റിനെ അതിജീവിച്ച സ്ഥാനാർഥിയാണ് എ.എം. ആരിഫ്. മൂന്ന് തവണ ആരൂർ എം.എൽ.എയായി കളം നിറഞ്ഞ സ്ഥാനാർഥി. കെ.സിയോട് എതിർത്ത് നിൽക്കാൻ തന്നെയായിരുന്നു 2019ലും കളത്തിലിറങ്ങിയതെന്ന് ആരിഫ് തന്നെ വ്യക്തമാക്കിയ കാര്യമാണ്. എന്നാൽ, വർഷങ്ങൾക്കിപ്പുറം എന്ത് അടിയൊഴുക്ക് ഭയന്നാണ് സി.പി.എം. ഇത്തരമൊരു വിലയിരുത്തലിൽ എത്തിച്ചേർന്നതെന്നതും ഇപ്പോൾ ഫലം പുറത്തുവരുമ്പോൾ വ്യക്തമാണ്. ഒരേ സമുദായത്തിൽപ്പെട്ട രണ്ട് സ്ഥാനാർഥികളായിരുന്നു 2019ൽ ആലപ്പുഴയിലെ കളത്തിൽ. എന്നാൽ, ഇക്കുറി സുധാകരൻ കണ്ണൂരിൽ തുടരാൻ തീരുമാനിക്കുകയും ഷാഫി വടകരയിലേക്ക് മാറുകയും ചെയ്തതോടെയാണ് ആലപ്പുഴയിൽ കെ.സി. യുടെ സ്ഥാനാർഥിത്വം ഉറച്ചത്. തുടർന്നുണ്ടായ സമുദായ സമവാക്യങ്ങളുണ്ടായ ചേരിതിരിവാകാം ആരിഫിനെ തോൽപ്പിച്ച ഒരു പ്രധാനഘടകം. ശോഭ സുരേന്ദ്രൻ കൂടെ രം?ഗത്തെത്തിയതോടെ വിഷയം രൂക്ഷമായി. ഒരു ലക്ഷത്തിലധികം വോട്ടുകൾ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുമായി താരതമ്യം ചെയ്യുമ്പോൾ ആരിഫിന്റെ ബാലറ്റിൽ നിന്നും നഷ്ടപ്പെട്ടു. അതേസമയം, ബി.ജെ.പി ബാലറ്റിൽ വർധിച്ചതും ഇതേ ഒരു ലക്ഷം വോട്ടുകൾ തന്നെ.

സിദ്ധാർഥന്റെ മരണം മുതൽ സംസ്ഥാന സർക്കാരിനെതിരായ നിരവധി വിഷയങ്ങളിൽ ഇടതുപക്ഷം പ്രതിക്കൂട്ടിലായിരുന്നു. നവകേരള സദസ്സിലെ രക്ഷാപ്രവർത്തനത്തിനും പൊതുജനത്തിനിടയിൽ എതിർപ്പുണ്ടായിരുന്നു. എന്നാൽ, ഇവയൊന്നും ഒരു ലോക്സഭാ തിരഞ്ഞെടുപ്പിലെ സിറ്റിങ് എം.പിയെ പരാജയപ്പെടുത്താനുതകുന്ന വിഷയങ്ങളാണെന്ന് പറയാൻ വയ്യ. സംസ്ഥാനത്താകെ തിരഞ്ഞെടുപ്പിനെ നേരിടുന്നതിനായി എൽ.ഡി.എഫ്. സെറ്റ് ചെയ്ത അജണ്ട തന്നെ പാളിയെന്ന് വേണം കരുതാൻ. തിരുവനന്തപുരം മുതൽ ഇങ്ങോട്ട് കാസർകോട് പ്രതീക്ഷിച്ചിടത്തെല്ലാം ഇടതുപക്ഷം കനത്ത പരാജയം ഏറ്റുവാങ്ങി. ആലത്തൂരിലെ വിജയവും ആറ്റിങ്ങലിലെ പോരാട്ടവുമൊഴിച്ച് നിർത്തിയാൽ സ്റ്റാർ സ്ഥാനാർഥികളായ സുനിൽകുമാറും കെ.കെ. ശൈലജയും ഉൾപ്പെടെയുള്ളവർക്ക് എതിർസ്ഥാനാർഥികൾക്കെതിരെ ഒരു വെല്ലുവിളി സൃഷ്ടിക്കാൻ പോലും സാധിച്ചില്ല. പരാജയത്തിൽ സ്ഥാനാർഥികൾക്ക് നേരെ വിരൽച്ചൂണ്ടുന്നതിലും നല്ലത് ഇടതുപക്ഷം തങ്ങളുടെ സ്വന്തം സംവിധാനങ്ങൾ പുനഃപരിശോധിക്കുന്നതായിരിക്കും.

| കേരളം | LDF 1 | UDF 18 | NDA 1 |
|---|---|---|---|
| തിരുവനന്തപുരം | 2,47,648 | 3,58,155 | 3,42,078 |
| ആറ്റിങ്ങൽ | 327366 | 328051 | 311779 |
| കൊല്ലം | 2,93,326 | 4,43,628 | 1,63,210 |
| പത്തനംതിട്ട | 3,01,504 | 3,67,623 | 2,34,406 |
| മാവേലിക്കര | 3,58,648 | 3,69,516 | 1,42,984 |
| ആലപ്പുഴ | 3,41,047 | 4,04,560 | 2,99,648 |
| കോട്ടയം | 2,77,365 | 3,64,631 | 1,65,046 |
| ഇടുക്കി | 2,98,645 | 4,32,372 | 91,323 |
| എറണാകുളം | 2,31,932 | 4,82,317 | 1,44,500 |
| ചാലക്കുടി | 3,30,417 | 3,94,171 | 1,06,400 |
| തൃശൂർ | 3,37,652 | 3,28,124 | 4,12,338 |
| ആലത്തൂർ | 4,03,447 | 3,83,336 | 1,88,230 |
| പാലക്കാട് | 3,45,886 | 4,21,169 | 2,51,778 |
| പൊന്നാനി | 3,26,756 | 5,62,516 | 1,24,798 |
| മലപ്പുറം | 3,43,888 | 6,44,006 | 85,361 |
| കോഴിക്കോട് | 3,74,245 | 5,20,421 | 1,80,666 |
| വയനാട് | 2,83,023 | 6,47,445 | 1,41,045 |
| വടകര | 4,43,022 | 5,57,528 | 1,11,979 |
| കണ്ണൂർ | 4,09,542 | 5,18,524 | 1,19,876 |
| കാസർഗോഡ് | 3,85,710 | 4,86,801 | 2,17,669 |

# നായിഡുവിന്റെ സത്യപ്രതിജ്ഞ ജൂൺ 9 ന് ; ടിഡിപി നേതാവിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി

അമരാവതി : ആന്ധ്രാപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിൽ വൻ വിജയം നേടിയ തെലുങ്കുദേശം പാർട്ടി നേതാവ് ചന്ദ്രബാബു നായിഡു ജൂൺ 9 ന് അദ്ദേഹം അമരാവതിയിൽ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തേക്കുമെന്ന് വൃത്തങ്ങൾ അറിയിച്ചു. എൻഡിഎ സഖ്യത്തിന്റെ ഭാഗമായാണ് നായിഡു തിരഞ്ഞെടുപ്പിനെ നേരിട്ടത്.

ആന്ധ്രാപ്രദേശ് നിയമസഭയിലെ 175ൽ 135 സീറ്റുകളിലും മുന്നിട്ട് നിൽക്കുന്ന ടിഡിപി, ഇതിനകം 126 മണ്ഡലങ്ങളിൽ വിജയിച്ചു. മുഖ്യമന്ത്രി ജഗൻ മോഹൻ റെഡ്ഡിയുടെ നേതൃത്വത്തിലുള്ള യുവജന ശ്രമിക റൈതു കോൺഗ്രസ് പാർട്ടിയിൽ (വൈഎസ്ആർസിപി) നിന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനം പിടിച്ചെടുക്കാനുള്ള പാതയിലാണ് ടിഡിപി.

ആന്ധ്രാപ്രദേശ് ഗവർണർ എസ് അബ്ദുൾ നസീറിനോട് സമയം ആവശ്യപ്പെട്ട ജഗൻ റെഡ്ഡി ഇന്ന് വൈകിട്ട് നാലിന് രാജിക്കത്ത് സമർപ്പിക്കുമെന്നാണ് കരുതിയിരുന്നത്. നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി ജഗൻ റെഡ്ഡി ഒരു ആഭ്യന്തര യോഗം നടത്തുകയും അതേ കുറിച്ച് ബന്ധപ്പെട്ടവരുമായി കൂടിയാലോചിക്കുകയും ചെയ്ത് വരികയാണ്.

വോട്ട് ചെയ്തിറങ്ങിയവരോട് സംസാരിച്ചാണ് എക്സിറ്റ് പോൾ തയ്യാറാക്കുന്നത്. അതുകൊണ്ടുതന്നെ എക്സിറ്റ് പോൾ പ്രവചനം യഥാർഥ ഫലവുമായി അടുത്ത് നിൽക്കുമെന്നാണ് സങ്കൽപം. പലപ്പോഴും അങ്ങനെ സംഭവിക്കാറുണ്ടെങ്കിലും പിഴച്ചുപോകാറുമുണ്ട്. 2014ലും 2019ലും കേന്ദ്രത്തിൽ ബി.ജെ.പി. ഭരണം പിടിക്കുമെന്ന കാര്യത്തിൽ എക്സിറ്റ് പോളുകൾക്ക് സംശയുണ്ടായിരുന്നില്ല

# 'തൂക്കുസഭ വരുന്ന സാഹചര്യമുണ്ടായാൽ കുതിരക്കച്ചവടം തടയണം'; രാഷ്ട്രപതിക്ക് കത്തയച്ച് മുൻ ജഡ്ജിമാർ

ന്യൂഡൽഹി: 2024ലെ തിരഞ്ഞെടുപ്പിൽ തൂക്കുസഭ വരുന്ന സാഹചര്യമുണ്ടായാൽ കുതിരക്കച്ചവടം തടഞ്ഞ് സർക്കാർ രൂപീകരിക്കാൻ തിരഞ്ഞെടുപ്പിന് മുമ്പുള്ള ഏറ്റവും വലിയ സഖ്യത്തെ ക്ഷണിക്കണമെന്ന് ആവശ്യപ്പെട്ട് പ്രസിഡന്റ് ദ്രൗപതി മുർമുവിന് ഏഴ് മുൻ ഹൈക്കോടതി ജഡ്ജിമാരുടെ തുറന്ന കത്ത്.

നിലവിലെ ഭരണക്ഷിക്കെതിരായി ജനവിധിയാണുണ്ടാകുന്നതെങ്കിൽ സുഗമമായ അധികാര കൈമാറ്റത്തിലൂടെ ഭരണഘടനയെ ഉയർത്തിപ്പിടിക്കണമെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡിനോടും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറോടും വിരമിച്ച ജഡ്ജിമാർ അഭ്യർത്ഥിച്ചു.

മദ്രാസ് ഹൈക്കോടതിയിലെ മുൻ ജഡ്ജിമാരായ ജി.എം അക്ബർ അലി, അരുണ ജഗദീശൻ, ഡി. ഹരിപരന്താമൻ, പി. ആർ ശിവകുമാർ, സി ടി സെൽവം, എസ് വിമല എന്നിവരും പട്ന ഹൈക്കോടതി മുൻ ജഡ്ജി അഞ്ജന പ്രകാശുമാണ് തിങ്കളാഴ്ച അയച്ച തുറന്ന കത്തിൽ ഒപ്പിട്ടത്.

നിലവിലെ ഭരണസംവിധാനത്തിന് ഭരണം തുടരാൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ അധികാര കൈമാറ്റം സുഗമമായിരിക്കില്ലെന്നും ഭരണഘടനാ പ്രതിസന്ധി ഉണ്ടാകാമെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നു.

തൂക്ക് സഭ നിലവിൽവരുന്ന സാഹചര്യത്തിൽ ഭാരിച്ച ഉത്തരവാദിത്വങ്ങളായിരിക്കും ഇന്ത്യൻ രാഷ്ട്രപതിയുടെ പക്കൽ വരികയെന്ന വിരമിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ സംഘടനയായ കോൺസ്റ്റിറ്റ്യൂഷണൽ കണ്ടക്റ്റ് ഗ്രൂപ്പ് (സി.സി.ജി) മെയ് 25ന് പുറത്തിറക്കിയ പ്രസ്താവനയോട് തങ്ങൾ യോജിക്കുന്നുവെന്നും മുൻ ജഡ്ജിമാർ പറഞ്ഞു.

ഞങ്ങൾക്ക് ഏതൊരു രാഷ്ട്രീയ പാർട്ടിയുമായും ബന്ധമില്ല.

എന്നാൽ, ഭരണഘടനയിൽ പറയുന്ന ആദർശങ്ങളോടും തിരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ മൂല്യങ്ങളോടും ഞങ്ങൾക്ക് പ്രതിബദ്ധതയുണ്ട്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമീപകാലത്ത് ഉണ്ടായിരുന്നതും ഇപ്പോഴും തുടരുന്നതുമായ സംഭവവികാസങ്ങളിലുള്ള അഗാധമായ വേദനയിൽ നിന്നാണ് തുറന്ന കത്ത് എഴുതുന്നതെന്നും കത്തിൽ പറയുന്നു.

എല്ലാ മണ്ഡലങ്ങളിലെയും ഓരോ ബൂത്തിലും രേഖപ്പെടുത്തിയ വോട്ടുകളുടെ കൃത്യമായ എണ്ണം വെളിപ്പെടുത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ വിസമ്മതിച്ചതും ന്യൂനപക്ഷങ്ങളെ ലക്ഷ്യമിട്ടുള്ള വിദ്വേഷ പ്രസംഗങ്ങൾക്കെതിരെ നടപടിയെടുക്കാൻ തയ്യാറാകാത്തതും തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പൊതുജനങ്ങൾക്ക് ലഭ്യമാക്കാത്തതുമുൾപ്പടെയുള്ള കാര്യങ്ങൾ ആശങ്കയുണ്ടാക്കുന്നുവെന്നും കത്തിൽ പറയുന്നു.